സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക

SUVISESHA DHWANI

# സുവിശേഷ ധ്വനി

2016 ജൂൺ 18

Suvisesha Dhwani Fortnightly Reg. No. RN. 29475/1978 Vol. 38 Issue 23

പുസ്തകം 38 ലക്കം 23 പേജ് 6

## സൗന്ദര്യം – സത്യവും മിഥ്യയും

ജോൺസൺ കുളങ്ങര

**പ്രപഞ്ച സൃഷ്ടികളിൽ പ്രഥമഗണനീയമാണ് ദൈവത്തിന് മനുഷ്യൻ. ഓരോ സൃഷ്ടികളിലും സ്രഷ്ടാവിന്റെ കൈയ്യൊപ്പു ചാർത്തിയാണ് അവിടുന്ന് പ്രപഞ്ചത്തെ സംവിധാനം ചെയ്തിരിക്കുന്നത്.**

മനുഷ്യന് സൗന്ദര്യഭ്രമം വർദ്ധിച്ചു വരുന്നതിന്റെ തെളിവുകളാണ് കുഗ്രാമങ്ങളിൽ പോലും കൂണു പോലെ മുളച്ചുവരുന്ന ബ്യൂട്ടി പാർലറുകളും സൗന്ദര്യ വർദ്ധക വസ്തുക്കളുടെ വിപണിയിലെ വേലിയേറ്റവും. നിറഭേദങ്ങൾ വരുത്തി മുടിയും നഖവും ചുണ്ടും ആകർഷകമാക്കാനും മുഖം മിനുക്കാനും പുരികം രൂപമാറ്റം വരുത്താനും കാതിലും മൂക്കിലും ദ്വാരങ്ങളിട്ട് ആഭരണങ്ങൾ തൂക്കിയിടാനും തുടങ്ങി അംഗപ്രത്യംഗം ചേതോഹരമാക്കുവാൻ ഉതകുന്ന ഉല്പന്നങ്ങൾ മാർക്കറ്റിൽ സുലഭം. കറുത്തവനെന്നോ വെളുത്തവനെന്നോ സുന്ദരനോ വിരൂപനോ എന്നോ ഇക്കാര്യത്തിൽ വ്യത്യാസമില്ല. സൗന്ദര്യമില്ലാത്തയാൾക്ക് സൗന്ദര്യം വേണം. സൗന്ദര്യമുള്ളയാൾക്ക് അത് കുറെ കൂടെ കൂട്ടണം. പക്ഷെ എത്രത്തോളം?

മനുഷ്യനിലെങ്ങനെ ഈ സൗന്ദര്യഭ്രമം അങ്കുരിച്ചു എന്നത് ചിന്തനീയവും ഗൗരവാർഹവുമാണ്. പ്രപഞ്ച സൃഷ്ടികളിൽ പ്രഥമഗണനീയമാണ് ദൈവത്തിന് മനുഷ്യൻ. ഓരോ സൃഷ്ടികളിലും സ്രഷ്ടാവിന്റെ കൈയ്യൊപ്പു ചാർത്തിയാണ് അവിടുന്ന് പ്രപഞ്ചത്തെ സംവിധാനം ചെയ്തിരിക്കുന്നത്. നക്ഷത്ര ലക്ഷങ്ങളുടെ അകമ്പടിയോടെ നിശയെ നറുനിലാവു കൊണ്ടു തറ്റുടുപ്പിക്കുന്ന പൗർണ്ണമിയുടെ സ്വർണ്ണവർണ്ണവും നീഹാരം ഇഴപാകിയ ഉടയാടയിൽ പൊൻകിരണങ്ങൾ തുന്നിച്ചേർക്കാൻ ഉഷസ്സിലോടിയെത്തുന്ന അർക്കബിംബത്തിന്റെ പ്രൗഢിയും സായാഹ്ന സൂര്യൻ പടിയിറങ്ങുമ്പോൾ ചക്രവാളത്തിൽ പടരുന്ന അരുണിമയും വെൺകൊറ്റക്കുട ചൂടിനില്ക്കുന്ന ഹിമഗിരികളും ഹരിതാഭ പേറുന്ന മലമടക്കുകളും പൊട്ടിച്ചിരിച്ചും തെന്നിത്തെറിച്ചും കളകളാരവം മുഴക്കിയൊഴുകുന്ന കാട്ടരുവികളും ശാന്തമായൊഴുകുന്ന പുഴകളും ആകാശനീലിമ കടമെടുത്തു അണിഞ്ഞൊരുങ്ങികിടക്കുന്ന നീല സാഗരങ്ങളും പ്രപഞ്ചസ്രഷ്ടാവിന്റെ സൗന്ദര്യബോധത്തിന്റെ മുഖമുദ്രകളാണ്.

എങ്കിൽ അവിടുന്ന് ഈ പ്രപഞ്ചത്തിലേക്കും ഏറ്റവും ഉൽകൃഷ്ടനായ മനുഷ്യനെ മെനഞ്ഞതോ തേജസ്വരൂപനായ തന്റെ രൂപത്തിലും സാദൃശ്യത്തിലും. പക്ഷെ പാപം മനുഷ്യനെ വികൃതമാക്കി ദൈവതേജസ്സ് നഷ്ടമാക്കി. ദൈവത്തിന്റെ നിലവാരത്തിൽ നിന്ന് പിശാചിന്റെ അധികാരത്തിലേക്കവൻ കൂപ്പുകുത്തി. വീണു പോയ മനുഷ്യനെ വീണ്ടെടുത്ത് പഴയ സ്വരൂപത്തിലേക്കും സാദൃശ്യത്തിലേക്കും ഉയർത്തിക്കൊണ്ടു വരിക. ആ ശ്രമകരമായ പ്രക്രിയയിലാണ് ഇന്ന് നമ്മുടെ കർത്താവ്. ഈ പുനർനിർമ്മിതിയുടെ കഥയറിയാതെ സ്വയം സമ്പൂർണ്ണനാകാനുള്ള അശ്രാന്ത പരിശ്രമത്തിലാണ് മനുഷ്യൻ. അതും അകമെയല്ല പുറമെ. അകം അശുദ്ധിയുടെ വിളനിലമാണെങ്കിലും പുറം ആകർഷകമാകണമെന്നേ മനുഷ്യനുള്ളു.

“അവൻ മുന്നറിഞ്ഞവരെ തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന് അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുന്നിയമിച്ചിരിക്കുന്നു. ശാരീരിക പ്രകൃതികൊണ്ടും നിറം കൊണ്ടും സ്വഭാവ വൈരുദ്ധ്യങ്ങൾ കൊണ്ടും വ്യത്യസ്തരായിരിക്കുന്ന ദൈവമക്കളെ പുത്രന്റെ സ്വരൂപത്തോട് അനുരൂപരാക്കുക. “ഈ ലോകത്തോട് അനുരൂപരാകാതെ... ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതിന് മനസ്സുപുതുക്കി രൂപാന്തരപ്പെടുവിൻ” എന്നു പറയുമ്പോൾ ഈ രൂപം കേവലം ബാഹ്യമല്ല എന്നു വ്യക്തം. മനസ്സിനാണ് മാറ്റം വരേണ്ടത്. ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ.” എന്നതിനാൽ മനോഭാവത്തിലാണ് രൂപാന്തരം അനിവാര്യമായിരിക്കുന്നത്.

പരിശുദ്ധാത്മാവിനെ നമ്മുടെ ഉള്ളിലും ദൈവവചനം നമ്മുടെ കൈകളിലും തന്നിരിക്കുന്നത് അതിനുവേണ്ടിയാണ്. “ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വകപ്രാപിച്ച് തികഞ്ഞവൻ ആകേണ്ടതിന് ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യസനത്തിനും” വേണ്ടിയാണ് ദൈവശ്വാസീയമായ എല്ലാ തിരുവെഴുത്തും നമുക്ക് തന്നിരിക്കുന്നത്. ‘തികഞ്ഞവൻ ആകേണ്ടതിന്’ എന്നതിൽ കുറഞ്ഞൊരു പദവിയിലും നാം സംതൃപ്തരാകരുത്. “ഏതു മനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവനായി നിറുത്തേണ്ടതിന് ഏതു മനുഷ്യനേയും പ്രബോധിപ്പിക്കുകയും ഏതു മനുഷ്യനോടും സകലജ്ഞാനത്തോടും കൂടെ ഉപദേശിക്കുകയും ചെയ്യുന്നു.” ഓരോ ശുശ്രൂഷകന്റെയും ആത്യന്തിക ലക്ഷ്യം ഇതു തന്നെയായിരിക്കണം. കർത്താവ് പറഞ്ഞതും അതല്ലേ “പിതാവ് സൽഗുണ പൂർണ്ണൻ ആയിരിക്കുന്നതുപോലെ നിങ്ങളും സൽഗുണ പൂർണ്ണരാകുവിൻ” – പിതാവിന്റെ പകർപ്പുകളായിരിക്കണം മക്കൾ.

നമ്മെ ആ പൂർണ്ണതയിലേക്കെത്തിക്കുന്ന കർമ്മഭൂമിയിൽ കർത്താവ് കരുക്കൾ നീക്കുന്നു. നമ്മുടെ ജീവിതത്തിൽ കർത്താവനുവദിക്കുന്ന ഏതു സാഹചര്യങ്ങൾക്കും ഒരു ലക്ഷ്യമേയുള്ളു നമ്മെ തികഞ്ഞവരാക്കുക. കഷ്ടങ്ങൾ, നഷ്ടങ്ങൾ, രോഗങ്ങൾ, വേദനകൾ എല്ലാം അതിലേക്കുള്ള പടവുകളാണ്. “അവനോട് കൂടെ തേജസ്കരിക്കപ്പെടേണ്ടതിന് അവനോടു കൂടെ കഷ്ടം അനുഭവിച്ചാലത്രെ” “ക്രിസ്തുവും നിങ്ങൾക്കു വേണ്ടി കഷ്ടം അനുഭവിച്ചു നിങ്ങൾ അവന്റെ കാൽച്ചുവടു പിൻതുടരുവാൻ അവൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു.”കുഴിച്ചെടുത്ത കളിമണ്ണ് കുശവൻ കല്ലും വേരും നീക്കി ചവിട്ടിക്കുഴച്ച് ചക്രത്തിൽ വെച്ച് കറക്കി രൂപം വരുത്തി അടിച്ച് പതം വരുത്തി ചൂളയിൽ വെച്ച് പുറത്തെടുക്കുമ്പോൾ ചെളിമണവും സ്വാഭാവിക നിറവും മാറി മനോഹരമായ പാത്രമായി രൂപപ്പെടുന്നതുപോലെ തന്റെ മക്കളെ പ്രപഞ്ചശില്പിയായ പിതാവ് പരുവപ്പെടുത്തിയെടുക്കുന്നു. അതാണ് ഭൂമിയിലെ അഗ്നിശോധനകൾ. “എന്നെ ശോധന കഴിച്ചാൽ ഞാൻ പൊന്നുപോലെ പുറത്തു വരും” എന്ന് കഷ്ടതയുടെ കഠിനശോധനയി

▶ 4

## പത്തനംതിട്ട കൺവൻഷൻ
### ഡിസം. 18 മുതൽ 25 വരെ

**പത്തനംതിട്ട:** സുവിശേഷാലയത്തിന്റെയും പ്രാദേശിക ബ്രദറൺ സഭകളുടെയും ചുമതലയിൽ നടന്നുവരുന്ന പത്തനംതിട്ട ബ്രദറൺ കൺവൻഷൻ സുവിശേഷാലയത്തിൽ 2016 ഡിസം. 18ന് ആരംഭിച്ച് 25ന് സമാപിക്കും. ഡോ. ഒ.എം. സാമുവേൽ, ജോൺ കുര്യൻ, തോംസൺ ബി. തോമസ്, ജോസ് മാത്യു, റ്റി.പി. കനകരാജ്, പി.ജി. ജയിംസ്, ബിനു സാമുവേൽ, എബി കെ. ജോർജ്ജ്, സജി എ. ജെ., ജോർജ്ജ് കോശി, റോയി മാത്യു (ദോഹ) തുടങ്ങിയവർ വിവിധ യോഗങ്ങളിൽ പ്രസംഗിക്കും. ഗാന ശുശ്രൂഷയ്ക്ക് ജയിംസ് ചെറിയാൻ, ഷാജു ചണ്ണപ്പേട്ട, ജാക്സൺ വരാക്കര തുടങ്ങിയവർ നേതൃത്വം നൽകും. വൈകിട്ട് 6 മുതൽ 8.30 വരെയാണ് സുവിശേഷ യോഗങ്ങൾ. തിങ്കൾ മുതൽ ശനി വരെ പകൽ വിശേഷാൽ യോഗങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. 19-ാം തീയതി തിങ്കളാഴ്ച സണ്ടേസ്കൂൾ അധ്യാപക സമ്മേളനവും ചൊവ്വാഴ്ച മിഷനറി സമ്മേളനവും ബുധനാഴ്ച സോദരീ സമാജവും വ്യാഴാഴ്ച കുടുംബസംഗമവും വെള്ളിയാഴ്ച ബാലസംഘം – യുവജന സമ്മേനവും ശനിയാഴ്ച പ്രാർത്ഥനായോഗവും രാവിലെ 10 മുതൽ നടക്കുന്നതാണ്. എല്ലാ ദിവസവും രാവിലെ 7 മുതൽ 10 വരെ വിവിധ സ്ഥലങ്ങളിൽ പരസ്യയോഗങ്ങളും ഉണ്ടായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക്: മോനച്ചൻ എബ്രഹാം (ജന. കൺവീനർ) ഫോൺ: 9447756377

*കെ.എ. ഫിലിപ്പ്, ഒ.റ്റി. ചെറിയാൻ*

## നിണമണിഞ്ഞ കാല്പാടുകൾ
### പുതിയ പംക്തി ഈ ലക്കം മുതൽ



ആരംഭകാലത്ത് യഹൂദന്മാരുടെ പ്രമാണികളിൽ നിന്നും കഠിന പീഡനമാണ് ദൈവസഭ അനുഭവിക്കേണ്ടി വന്നത്. പിന്നീട് ലോക ഭരണാധികാരികളിലൂടെ സാത്താൻ പീഡനം തുടർന്നുകൊണ്ടിരുന്നു. എന്നാൽ രക്തസാക്ഷികളുടെ ചുടുചോര വീണ മണ്ണിൽ സഭ വേരുറയ്ക്കുകയായിരുന്നു.

സ്തെഫാനൊസിൽ തുടങ്ങി രക്തസാക്ഷികളുടെ നിര പിന്നെയും നീളുകയാണ്. ക്രിസ്തുവിനുവേണ്ടി പ്രാണത്യാഗം ചെയ്തവരുടെ സമൂഹം വളർന്നുകൊണ്ടിരിക്കുന്നു....

ഇന്നും പീഡനങ്ങൾ തുടർക്കഥയാകുന്നു....

ക്രിസ്തുവിനുവേണ്ടി രക്തസാക്ഷികളായവരുടെ സജീവ ജീവിതരേഖ ‘നിണമണിഞ്ഞ കാല്പാടുകൾ’ ഈ ലക്കം മുതൽ പ്രസിദ്ധീകരിക്കുന്നു. (2-ാം പേജ് കാണുക) **ബ്രദർ സ്കറിയ വർഗീസ്, കളമശ്ശേരി** തയ്യാറാക്കുന്ന ഈ പംക്തി തുടർച്ചയായി വായിക്കുക. സുവിശേഷ ധ്വനി മുൻ ചീഫ് എഡിറ്ററാണ് ലേഖകൻ.

## എസ്.ബി.എസ്. സ്പെഷ്യൽ ക്യാമ്പ്
### ജൂലൈ 13 മുതൽ

**പുത്തൻകാവ്:** സുവിശേഷകൻ ബാലസംഘം ഇന്ത്യയിലും വിദേശത്തുമുള്ള കുട്ടികൾക്കും മാതാപിതാക്കൾക്കും വേണ്ടി നടത്തുന്ന സ്പെഷ്യൽ ക്യാമ്പ് 2016 ജൂലൈ 13 ബുധനാഴ്ച വൈകിട്ട് 4-ന് ആരംഭിച്ച് 16 ശനി രാവിലെ 8-ന് സമാപിക്കും. സഹോദരന്മാരായ ജോസ് മാത്യൂസ്, ജോയ് ജോൺ, ഡോ. ജോൺ ഏബ്രഹാം, ഡോ. ജോൺസൺ സി. ഫിലിപ്പ്, ധർമ്മരാജ് പി. എന്നിവർ വിവിധ ശുശ്രൂഷകൾക്കു നേതൃത്വം നൽകും. ചെങ്ങന്നൂർ പുത്തൻകാവ് എസ്.ബി.എസ്. ക്യാമ്പ് സെന്ററിൽ നടക്കുന്ന ഈ ക്യാമ്പിന് വിപുലമായ ക്രമീകരണങ്ങൾ ചെയ്തു വരുന്നു. കുടുംബമായി പങ്കെടുക്കുന്നവർക്ക് പ്രത്യേകം താമസ സൗകര്യം ക്രമീകരിക്കുന്നതാണ്. വേദവിജ്ഞാനം പ്രോത്സാഹിപ്പിക്കുന്നതിന് പ്രായമനുസരിച്ച് കുട്ടികളെ അഞ്ചു ഗ്രൂപ്പുകളായി തിരിച്ച് വിവിധ മത്സരങ്ങളും ഉണ്ടായിരിക്കും. മാതാപിതാക്കൾക്കുവേണ്ടി പ്രത്യേക ക്ലാസ്സുകളും ക്രമീകരിച്ചിട്ടുണ്ട്. പങ്കെടുക്കുവാനാഗ്രഹിക്കുന്നവർ മുൻകൂട്ടി അറിയിക്കുക. കൂടുതൽ വിവരങ്ങൾക്ക്: Binu Samuel, Gen. Secretary, Kalayil, Chanthukavu, Kadammanitta P.O., Pathanamthitta- 689 649 Ph: 09544374527 Email: sbsputhencavu@gmail.com



അനേകമായിരം വിശ്വാസവീരന്മാരുടെ രക്തം ഈ ഭൂമിയിൽ ചൊരിയേണ്ടി വന്നു. ഇന്നും തുടരുന്നു!! കഷ്ടതയുടെ നടുവിലും അവരുടെ പ്രത്യാശയേറിയ ജീവിതം വിശ്വാസികൾക്ക് എന്നും ഒരു താങ്ങും തണലുമാണ്.

*പേജ് 2*



### ഉൾപ്പേജുകളിൽ


- വരൾച്ചയും പ്രളയക്കെടുതിയും 2
- വർത്തമാനം 3
- വന്നവഴികൾ 4
- ബൈബിൾക്വിസ്/കവിത 5
- ചിന്ത/വാർത്തകൾ 6

SUVISESHA DHWANI
സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക
2016 ജൂൺ 18 / പുസ്തകം 38, ലക്കം 23

എഡിറ്റോറിയൽ

# വരൾച്ചയും പ്രളയക്കെടുതിയും

**2016** ഭാരതത്തിലെ പല സംസ്ഥാനങ്ങൾക്കും സമ്മാനിച്ചതു കറുത്ത ദിനരാത്രങ്ങളാണല്ലോ. ഓരോ ദിവസവും മനുഷ്യഹൃദയങ്ങളെ തപിപ്പിക്കുന്ന വാർത്തകളുമായിട്ടാണ് ദിനപത്രങ്ങളും മറ്റു വാർത്താമാധ്യമങ്ങളും നമ്മെ തേടിയെത്തുന്നത്. കഴിഞ്ഞ കാലങ്ങളിൽ വരൾച്ചയും അതിശൈത്യവും പ്രളയക്കെടുതികളും ഭാരതത്തിലെ പല സംസ്ഥാനങ്ങളെയും ദുരിതത്തിലാഴ്ത്തിയിട്ടുണ്ട്. എന്നാൽ ദൈവത്തിന്റെ സ്വന്തം നാട് എന്നറിയപ്പെടുന്ന കേരളത്തെ ഇവ കാര്യമായി ബാധിച്ചിരുന്നില്ല. ഇവയൊന്നും നമ്മെ ബാധിക്കയില്ലെന്ന അന്ധമായ ചിന്താഗതി പൊതുജനമധ്യത്തിലും ഇവയിൽ നിന്നൊക്കെ കർത്താവു സംരക്ഷിച്ചുകൊള്ളുമെന്ന അമിത വിശ്വാസം വിശ്വാസസമൂഹത്തിലും നിലനില്ക്കുന്നു. എന്നാൽ 2016 ഈ ചിന്താഗതിയെ തിരുത്തിക്കുറിച്ചു കഴിഞ്ഞു. ഓരോ ദിവസവും വരുന്ന വാർത്തകൾ നാം വായിക്കുകയും ലാഘവത്തോടെ വിസ്മരിക്കുകയും ചെയ്യുന്നു. എന്നാൽ ഇവയെ കൂട്ടിവായിച്ചാൽ വളരെ ഭയത്തോടെ മാത്രമേ മുമ്പോട്ടു പോകുവാൻ കഴികയുള്ളു.

> **അങ്ങനെ കേരളവും ഇത്തവണ വരൾച്ച ബാധിത സംസ്ഥാനമായി.**

2016 ഏപ്രിൽ 13 മുതൽ 30 വരെയുള്ള മാധ്യമ വാർത്തകളുടെ തലക്കെട്ടുകളിൽ ചിലതു നോക്കാം: 'കൊടുംചൂട് തെലുങ്കാനയിലും ഒഡീഷയിലും 50 മരണം', 'ലത്തൂരിൽ തൊണ്ടനനയ്ക്കാൻ ആദ്യ ജല ട്രെയിൻ', 'ജയ്പൂരിൽ മലിന ജലം മരണം 10 – കൂടുതൽ പേർ ആശുപത്രിയിൽ', 'ഗോദാവരി തീരത്ത് വെള്ളത്തിന്റെ മരണനൃത്തം', 'കേരളത്തിലെ ഉയർന്ന താപനില 41.9 ഡിഗ്രി- തീവ്രത 46 ഡിഗ്രി', 'ഉരുകുന്ന ചൂടിൽ കരിയുന്ന ജീവിതങ്ങൾ', 'മൃഗങ്ങൾ തളർന്നു ചാകുന്നു', 'നെഞ്ചിൽ തീയുമായി കോഴി കർഷകർ', 'കേരളത്തിൽ 7 ദിവസമായി ശുദ്ധ ജലം കിട്ടാതെ കുപ്പിവെള്ളത്തിൽ ഭക്ഷണം പാകം ചെയ്യുന്ന വീട്ടമ്മമാർ', 'സൂര്യതാപമേറ്റവരുടെയും മരണപ്പെട്ടവരുടെയും എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു', 'കേരളം വരൾച്ച ബാധിത സംസ്ഥാനം'....

എന്താണ് ഇതിനൊക്കെ കാരണമെന്നും എവിടെയാണ് പരിഹാരമെന്നും ചിന്തിക്കേണ്ടിയിരിക്കുന്നു. ശാസ്ത്രീയമായി കാരണവും പരിഹാരവും കണ്ടെത്താൻ കഴിഞ്ഞേക്കാം. ഈ അത്യാപത്തിനെ നേരിടാനും കഴിഞ്ഞേക്കാം. എന്നാൽ ശരിയായ ദിശയിൽ ചിന്തിച്ചാൽ മനുഷ്യന്റെ പാപമാണ് ഇതിനെല്ലാം കാരണം എന്നു കാണാൻ കഴിയും. മഹാരാഷ്ട്രയിലെ ലത്തൂരും സമീപ ജില്ലകളും കൊടിയ വരൾച്ചയിലമർന്നു കഴിഞ്ഞു. മലയാള മനോരമയുടെ പഠനറിപ്പോർട്ടിൽ പറയുന്നത് മഹാരാഷ്ട്ര പ്രകൃതിയോടു ചെയ്ത ചൂഷണത്തിന്റെ ബാക്കിപത്രമെന്നു വിശേഷിപ്പിക്കുമ്പോൾ ദൈവമക്കളായ നമുക്ക് തെളിവായി പറയാൻ കഴിയും മനുഷ്യന്റെ പാപമാണ് ഇതിനു കാരണമെന്ന്. ദൈവത്തോടും പ്രകൃതിയെ സംബന്ധിച്ചുള്ള ദൈവവ്യവസ്ഥയോടുമുള്ള മത്സരം നമ്മുടെ കൊച്ചുകേരളവും മഹാരാഷ്ട്രയും തുടർന്നുകൊണ്ടിരിക്കുന്നു. അങ്ങനെയായാൽ വരൾച്ചയുടെ കഴുകന് ഒരു രാത്രികൊണ്ട് ഇവിടെ പറന്നെത്താവുന്നതേയുള്ളു. ആകയാൽ ദൈവമക്കളായ നാം ഭയപ്പെടുക. വരൾച്ചയ്ക്കു പിന്നാലെ കൊടിയ ക്ഷാമം ദേശത്തെ കീഴടക്കാൻ പോകുന്നുവെന്നതു വിസ്മരിച്ചുകൂടാ. പിന്നാലെ അപ്രതീക്ഷിത പ്രളയവും. അതുകൊണ്ട് ഇതിന്റെ കാരണവും പരിഹാരവും കണ്ടെത്താൻ ദൈവവചനത്തിലേക്കു മടങ്ങിവരണം. പ്രവാചകനായ യിരെമ്യാവ് ഇതു സംബന്ധിച്ചു പറയുന്ന വാക്കുകൾ ശ്രദ്ധിക്കാം: "ഈ ജനത്തിലോ ശാഠ്യവും മത്സരവും ഉള്ളോരു ഹൃദയം ഉണ്ട്; അവർ ശഠിച്ചു പൊയ്ക്കളഞ്ഞിരിക്കുന്നു. മുന്മഴയും പിന്മഴയും ഇങ്ങനെ നമുക്കു അതതു സമയത്തു വേണ്ടുന്ന മഴ തരികയും കൊയ്ത്തിന്നുള്ള കാലാവധി പാലിച്ചു തരികയും ചെയ്യുന്ന നമ്മുടെ ദൈവമായ യഹോവയെ നാം ഭയപ്പെടുക എന്നും അവർ ഹൃദയത്തിൽ പറയുന്നതുമില്ല. ഇവ മാറിപ്പോകുവാൻ നിങ്ങളുടെ അകൃത്യങ്ങൾ അത്രേ കാരണം. നിങ്ങളുടെ പാപങ്ങളാൽ ഈ നന്മയ്ക്കു മുടക്കം വന്നിരിക്കുന്നു" (യിരെ. 5:23,24,25).

ദൈവമക്കളായ നാം ഇപ്പോൾ ഈ സമൂഹത്തിന്റെ ഭാഗമാകയാൽ ഈ കെടുതികൾ കണ്ടില്ലെന്നു നടിക്കേണ്ടതല്ല. ആത്മികമായി ചിന്തിച്ചാൽ കഴിഞ്ഞ കാലങ്ങളെക്കാൾ ഈ തലമുറ കഠിനമായ ആത്മിക ദാരിദ്ര്യവും വരൾച്ചയും അനുഭവിക്കുകയാണ്. ഇവിടെ നിന്നു ഒരു വിടുതൽ നമുക്കു അനിവാര്യമാണ്. പ്രവാചകൻ ഓർപ്പിക്കുന്നതുപോലെ നാമും നമ്മുടെ ദൈവമായ യഹോവയെ ഭയപ്പെടുകയും അവങ്കലേക്കു മടങ്ങിവരികയും വേണം. നമ്മുടെ പാപങ്ങളും അകൃത്യങ്ങളും നമുക്കുള്ള നന്മയെ മുടക്കിക്കളയുന്നുവെന്നത് ഒരിക്കലും മറന്നുകൂടാ. വരൾച്ചയുടെയും പ്രളയക്കെടുതിയുടെയും പിന്നാലെ ക്ഷാമം. ക്ഷാമം കർത്താവിന്റെ വരവിന്റെ ലക്ഷണങ്ങളിൽ ഒന്നാണല്ലോ. അതുകൊണ്ട് കർത്താവ് വാതില്ക്കലെത്തിയിരിക്കുന്നുവെന്നറിഞ്ഞ് ഉണരാം. ജനത്തിന്റെ ഹൃദയം കർത്താവിങ്കലേക്കും അവന്റെ പ്രമാണങ്ങളിലേക്കും തിരിക്കാൻ നമ്മാലാവത് പ്രവർത്തിക്കാം. നമുക്കും മടങ്ങിവരാം. ദേശത്തിനായി ഇടിവിൽ നില്ക്കാം. കർത്താവു കൃപ നല്കുമാറാകട്ടെ.

**പി.റ്റി. ജോൺ**



നിണമണിഞ്ഞ കാല്പാടുകൾ 01

## ക്രിസ്തുവിനുവേണ്ടി പ്രാണത്യാഗം ചെയ്തവർ

സ്കറിയ വർഗീസ്, കളമശ്ശേരി

# സ്തെഫാനൊസ്

**ലോ**കരക്ഷിതാവായ യേശുക്രിസ്തുവിന് ലോകം നൽകിയത് അപമാനവും പീഡയും ക്രൂശും ആയിരുന്നുവെങ്കിൽ, ദൈവമക്കളായ നമുക്കും അതിൽ കുറഞ്ഞൊന്നും പ്രതീക്ഷിക്കേണ്ടതില്ല. കർത്താവ് തന്റെ ശിഷ്യഗണത്തോടു പറഞ്ഞു, "ലോകം നിങ്ങളെ പകയ്ക്കുന്നു എങ്കിൽ അതു നിങ്ങൾക്കു മുമ്പെ എന്നെ പകെച്ചിരിക്കുന്നു" (യോഹ. 15:18).

ദൈവസഭയുടെ ആരംഭകാലത്ത് യഹൂദാ പ്രമാണികളിൽ നിന്നുള്ള പോരാട്ടമായിരുന്നു സഭ അനുഭവിക്കേണ്ടി വന്നതെങ്കിൽ പിന്നീട് ലോകഭരണാധികാരികളിലൂടെ സാത്താൻ വിശ്വാസികളെ പീഡിപ്പിച്ചുകൊണ്ടിരുന്നു. ഇന്നും ഈ പോരാട്ടം തുടരുന്നുണ്ടെങ്കിലും ക്രൈസ്തവ സഭ തളരാതെ ശക്തമായി വളർന്നുകൊണ്ടിരിക്കുന്നു. അതും ദൈവത്തിന്റെ കൃപ ഒന്നു മാത്രമാണ്.

ദൈവസഭയുടെ ശൈശവദശയിൽ റോമാഭരണാധികാരികളിൽ നിന്നുമായിരുന്നു ഏറ്റവും അധികം പീഡനങ്ങൾ അനുഭവിക്കേണ്ടി വന്നത്. അനേകമായിരം വിശ്വാസവീരന്മാരുടെ രക്തം ഈ ഭൂമിയിൽ ചൊരിയേണ്ടി വന്നു. ഇന്നും തുടരുന്നു!! കഷ്ടതയുടെ നടുവിലും അവരുടെ പ്രത്യാശയേറിയ ജീവിതം വിശ്വാസികൾക്ക് എന്നും ഒരു താങ്ങും തണലുമാണ്.

അനേകം ദൈവമക്കളെ വാളിന് ഇരയാക്കി, ക്രൂശിച്ചു കൊന്നു, സമുദ്രത്തിന്റെ ആഴത്തിൽ കൈകാലുകൾ ബന്ധിച്ചു ഇട്ടു, കല്ലെറിഞ്ഞു കൊന്നു, ജീവനോടെ തോലുരിച്ചു, അനേകർ മൃഗയുദ്ധം ചെയ്യേണ്ടി വന്നു, എരിയുന്ന തീച്ചൂളയിൽ ഇട്ടു, നഗ്നരായി സഹോദരി സഹോദരന്മാരെ തെരുവീഥിയിലൂടെ വലിച്ചിഴച്ചു. ഇങ്ങനെ ഒട്ടനവധി പീഢനങ്ങളിലൂടെ വിശ്വാസികൾ മരണ നിഴലിന്റെ താഴ്വരയിലൂടെ കടന്ന് നിത്യതയിലേക്ക് പ്രവേശിച്ചു.

രക്തസാക്ഷികളായ അനേകരുടെയും ചരിത്രം നമുക്കു ലഭിച്ചിട്ടില്ല. നിരവധി കഷ്ടങ്ങളിലൂടെ കടന്ന് സ്വർഗ്ഗരാജ്യത്തിലെത്തിയ വിശ്വാസവീരരെ കണ്ട് നമുക്കൊരുമിച്ച് സന്തോഷം പങ്കിടുവാനാകും.

രക്തസാക്ഷികളായ വിശ്വാസ വീരരിൽ ചിലരെക്കുറിച്ച് ദൈവവചനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ചില ചരിത്ര ഗ്രന്ഥങ്ങളിൽ നിന്നും റഫറൻസ് ഗ്രന്ഥങ്ങളിൽ നിന്നും ലഭിച്ച വിശ്വാസികളുടെ അനുഭവങ്ങളാണ് ഈ വരികളിൽ കുറിച്ചിരിക്കുന്നത്.

> **അനേകമായിരം വിശ്വാസവീരന്മാരുടെ രക്തം ഈ ഭൂമിയിൽ ചൊരിയേണ്ടി വന്നു. ഇന്നും തുടരുന്നു!! കഷ്ടതയുടെ നടുവിലും അവരുടെ പ്രത്യാശയേറിയ ജീവിതം വിശ്വാസികൾക്ക് എന്നും ഒരു താങ്ങും തണലുമാണ്.**

സഭയുടെ ആരംഭത്തിൽ ഭരണാധികാരിയായ ഹെരോദാവ് അനേകരെ പീഡിപ്പിച്ചു. യോഹന്നാന്റെ സഹോദരനായ യാക്കോബിനെ വാൾകൊണ്ട് കൊന്നു (അപ്പൊ. പ്രവൃ. 12:2). പത്രോസിനെയും കൊല്ലുവാനായി കാരാഗൃഹത്തിൽ അടച്ചു. പത്രോസിനുവേണ്ടി ദൈവസഭ ശ്രദ്ധയോടെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു (പ്രവൃ. 12:5). കർത്താവിന്റെ ദൂതൻ കാരാഗൃഹത്തിൽ പ്രത്യക്ഷപ്പെട്ടു പത്രോസിനെ വിടുവിച്ചു (പ്രവൃ. 12:11).

അപ്പൊസ്തലന്മാരിൽ ഏറിയ പങ്കും രക്തസാക്ഷികളായിട്ടാണ് നിത്യതയിലേക്കു പ്രവേശിച്ചതെന്ന് സഭാചരിത്രങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ക്രൈസ്തവസഭാചരിത്രത്തിലെ പ്രഥമ രക്തസാക്ഷിയെന്നു രേഖപ്പെടുത്തിയിരിക്കുന്നത് സ്തെഫാനൊസാണ്. മേശയിലെ ശുശ്രൂഷയ്ക്കായിട്ടാണ് സ്തെഫാനോസിനെയും കൂട്ടുസഹോദരന്മാരെയും അപ്പൊസ്തലന്മാർ തെരഞ്ഞെടുത്തത്. അവരെല്ലാവരും തന്നെ ആത്മാവും ജ്ഞാനവും നിറഞ്ഞ് നല്ല സാക്ഷ്യമുള്ളവരും ആയിരുന്നു. സ്തെഫാനൊസ് കൃപയും ശക്തിയും നിറഞ്ഞവനായി തന്റെ ശുശ്രൂഷകൾ സമർപ്പണത്തോടെ ചെയ്തുപോന്നു.

യഹൂദാപ്രമാണികളായ അനേകർ സ്തെഫാനൊസിനോടു ഉപദേശസംബന്ധമായി തർക്കിച്ചു എങ്കിലും സ്തെഫാനൊസിന്റെ ദൈവകൃപയുടെയും ദൈവജ്ഞാനത്തിന്റെയും മുമ്പിൽ നിൽക്കുവാൻ അവർക്കു കഴിഞ്ഞില്ല. കലിപൂണ്ട പ്രമാണികൾ വ്യവഹാരത്തിൽ കള്ളസാക്ഷികളുടെ സഹായത്തോടുകൂടി സ്തെഫാനൊസിനെ ശിക്ഷയ്ക്കു വിധിച്ചു.

സ്തെഫാനൊസിനെ പൊതു വധസ്ഥലത്തുകൊണ്ടുപോയി കല്ലെറിഞ്ഞുകൊല്ലുവാൻ തീരുമാനിച്ചു. തന്നെ കല്ലെറിയുമ്പോൾ സ്തെഫാനൊസ് സ്വർഗ്ഗത്തേക്കു നോക്കി, സ്വർഗ്ഗം തുറന്നിരിക്കുന്നതും, ദൈവമഹത്വവും ദൈവത്തിന്റെ വലത്തുഭാഗത്തു യേശു നില്ക്കുന്നതും കണ്ടു (പ്രവൃ. 7:55). ചുറ്റുപാടും നിന്ന അനേകർ സ്തെഫാനൊസിനെ കല്ലെറിയുമ്പോഴും താൻ മുട്ടുകുത്തി, 'കർത്താവേ അവർക്കു ഈ പാപം നിറുത്തരുതേ' എന്നു ഉച്ചത്തിൽ നിലവിളിച്ചു, നിദ്രപ്രാപിച്ചു (പ്രവൃ. 7:60).

ക്രിസ്തുവിനു വേണ്ടി ഈ ദൈവഭൃത്യനും പ്രാണത്യാഗം ചെയ്തു നിത്യതയുടെ തീരത്തേക്കു പ്രവേശിച്ചു.

*(തുടരും)*

ചീഫ് എഡിറ്റർ : സാജു പി. സ്റ്റീഫൻ
അസോ. എഡിറ്റർ : സാമുവൽ തോമസ്
മാനേജിംഗ് എഡിറ്റർ : സാംസൺ സാമുവൽ
സർക്കുലേഷൻ മാനേജർ : എ.ഡി. ജെയിംസ്
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ : ₹ 200/-
യു. എസ്. എ./കാനഡ : $ 100
ഗൾഫ് നാടുകൾ : ₹ 2500/-

വാർത്തകളും രചനകളും ഇ-മെയിൽ വഴിയോ, തപാലിലോ, നേരിട്ടോ അസ്സോസിയേറ്റ് എഡിറ്ററുടെ വിലാസത്തിൽ എത്തിക്കുക.
വരിസംഖ്യയും സംഭാവനകളും മാനേജിംഗ് എഡിറ്ററുടെ വിലാസത്തിൽ അയക്കുക.
പരസ്യങ്ങൾ സ്വീകരിക്കുന്നതല്ല.
ബാങ്ക് വിവരങ്ങൾ :
Bank of Baroda, Piravom, A/c. No. 25110100001429,
IFSC Code: BARB0PIRVOM
ഡി.ഡി.യും ചെക്കും 'സുവിശേഷധ്വനി' എന്നപേരിൽ മാത്രം അയക്കുക.
email : suviseshadhwani2011@gmail.com

## -: തിരുമൊഴി :-

"ഇനി നിങ്ങളെ അടിച്ചിട്ട് എന്ത്?നിങ്ങൾ അധികം അധികം പിൻമാറുകയേയുള്ളു; തല മുഴുവനും ദീനവും ഹൃദയം മുഴുവനും രോഗവും പിടിച്ചിരിക്കുന്നു."

– യെശയ്യാവ് 1:5

ഗോത്രങ്ങൾ തേടി..... 129

(രാജസ്ഥാൻ -9)

# കാലാവസ്ഥ

**കൃഷിഭൂമിയുടെ ലഭ്യത : 22.5%**

**കാലാവസ്ഥ : 10 ഡിഗ്രി മുതൽ 45 ഡിഗ്രി വരെ**

**മഴയുടെ ലഭ്യത : വർഷത്തിൽ 100 മി.മീ മുതൽ 655 മി.മീ. വരെ**





**രാ**ജസ്ഥാൻ സന്ദർശിക്കുന്നവരെ എപ്പോഴും അത്ഭുതപ്പെടുത്തുന്ന ഒന്നാണ് അവിടെയുള്ള വീടുകളുടെ കട്ടികൂടിയ ഭിത്തികളും പരന്ന മേൽക്കൂരകളും. അതിന്റെ പ്രധാന കാരണം രാജസ്ഥാനിലെ കടുത്ത കാലാവസ്ഥയാണ്. കട്ടികൂടിയ ഭിത്തികൾ നിവാസികളെ വേനൽക്കാലത്തെ കടുത്ത ചൂടിൽ നിന്നും ശീതകാലത്തെ കടുത്ത തണുപ്പിൽ നിന്നും സംരക്ഷിക്കുന്നു. മഴയുടെ ലഭ്യത വളരെ കുറവായതിനാലാണ് പരന്ന മേൽക്കൂരകൾ ഉപയോഗിക്കുന്നത്.

വളരെ വരണ്ട കാലാവസ്ഥയാണ് രാജസ്ഥാനിലേത്. രാജസ്ഥാൻ സംസ്ഥാനത്തിന്റെ മൂന്നിൽ രണ്ടു ഭാഗം വളരെ കുറച്ച് മഴ ലഭിക്കുന്ന, അതികഠിനമായ സൂര്യതാപമേൽക്കുന്ന, ശക്തമായ ചൂടുകാറ്റും മണലും നിറഞ്ഞ താർ മരുഭൂമിയാണ്. സംസ്ഥാനത്താകമാനം മഴയുടെ ലഭ്യത വളരെ കുറവാണ്. 4 മുതൽ 46 ഡിഗ്രി സെൽഷ്യസ് വരെയാണ് രാജസ്ഥാന്റെ വാർഷിക കാലാവസ്ഥാ വ്യതിയാനങ്ങൾ. എന്നാൽ 21 -ാം നൂറ്റാണ്ടിൽ ഇത് 2 മുതൽ 4 വരെ ഡിഗ്രി സെൽഷ്യസ് കൂടി ഉയരുകയും ചെയ്തു. ഈ അസാധാരണമായ കാലാവസ്ഥാ മറ്റങ്ങളാണ് രാജസ്ഥാനെ ഇന്ത്യയിലെ ഏറ്റവും ചൂടുള്ള സംസ്ഥാനമാക്കി മാറ്റുന്നത്.

ഈ കഠിനമായ കാലാവസ്ഥ ജനങ്ങളെ തങ്ങളുടെ ഗ്രാമാന്തരീക്ഷങ്ങളിൽ നിന്നും പട്ടണങ്ങളിലേക്ക് കൂടുതൽ മെച്ചപ്പെട്ട ജീവിതസൗകര്യത്തിനായി കുടിയേറുവാൻ പ്രേരിപ്പിക്കുന്നു. ഈ കുടിയേറൽ പല ഗ്രാമനിവാസികളുടെയും പരിഗണനയിലുള്ള കാര്യമാണ്. സ്ഥലവാസിയായ ബാൽദേവ് പറഞ്ഞത് ഇങ്ങനെ: "വളരെയധികം ആളുകൾ ഇപ്പോൾ നഗരങ്ങളിലേക്ക് കുടിയേറി പാർക്കുന്നു. ഇവിടെയുള്ള ഗ്രാമവികസനത്തിനായി വേഗത്തിൽ നടപടികൾ ഉണ്ടായില്ലെങ്കിൽ ഈ പ്രവണത തുടരുക തന്നെ ചെയ്യും." മറ്റൊരു സ്ഥലവാസിയായ അരവിന്ദ് പറഞ്ഞ കാര്യങ്ങളും സമാന ചിന്താഗതിയോടെ ആയിരുന്നു: "ഈ കുടിയേറിപാർക്കൽ ഇങ്ങനെ തുടർന്നാൽ ചില വർഷങ്ങൾക്കുള്ളിൽ തന്നെ ഭക്ഷ്യവിളകളുടെയും മൃഗസമ്പത്തിന്റെയും ലഭ്യത ഇല്ലാതാകുക. കുട്ടികൾ ജോലിക്കായി ഇഷ്ടികക്കളങ്ങളിലോ, വ്യവസായ ശാലകളിലോ പോകേണ്ടി വരും. ആർക്കും വിദ്യാഭ്യാസവും ഉണ്ടാകുകയില്ല." ഈ അഭിപ്രായങ്ങളിലൂടെ രാജസ്ഥാനിലെ കാലാവസ്ഥ വ്യതിയാനങ്ങൾ മൂലം അവിടെയുള്ള സാധാരണ ജനങ്ങൾ അനുഭവിക്കുന്ന വേദന യാണ് പുറത്തു വരുന്നത്.

ജനജീവിതത്തെ വളരെയധികം ബാധിക്കുന്ന മറ്റൊരു പ്രതിഭാസമാണ് 'ലൂ" എന്നു പേരുള്ള ചൂടുകാറ്റ്. വേനൽകാലത്ത് ഉച്ചയ്ക്കു ശേഷം ഉണ്ടാകുന്ന വളരെ ചൂടുള്ള ഈ വരണ്ട കാറ്റു മൂലം അനേകർക്ക് സൂര്യതാപമേൽക്കുകയും മരിക്കുകയും ചെയ്യുന്നു. മൃഗങ്ങളെയും കൃഷിയെയും വരെ ഇത് വളരെ പ്രതികൂലമായ് ബാധിക്കാറുണ്ട്.

പട്ടണങ്ങളിലേക്കുള്ള കുടിയേറ്റം ഒരിക്കലും ശാശ്വതമായ പ്രശ്നപരിഹാരം ആകുന്നില്ല. എന്നു മാത്രമല്ല ധാരാളം പ്രതിസന്ധികൾ സൃഷ്ടിക്കുകയും ചെയ്യുന്നു. പല പട്ടണങ്ങളും ജനപെരുപ്പത്തിന്റെയും ശുചിത്വമില്ലായ്മയുടെയും ആരോഗ്യമില്ലായ്മയുടെയും തൊഴിലില്ലായ്മയുടെയും പിടിയിലാണ്. ഇത് പ്രകൃതിവിഭവങ്ങളെ ആശ്രയിച്ച് ജീവിക്കുന്ന ഗ്രാമവാസികളുടെ വ്യക്തിപ്രഭാവത്തിനും സംസ്കാരത്തിനും നഷ്ടമുണ്ടാക്കും. ഭരണത്തിലിരിക്കുന്ന ജനപ്രതിനിധികൾ രാജസ്ഥാനിലുള്ള ഗ്രാമവാസികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിൽ ശക്തമായ നടപടികൾ സ്വീകരിച്ചില്ലെങ്കിൽ അതു രാജസ്ഥാനിലെ ജനജീവിതത്തെ കാര്യമായി ബാധിക്കാൻ ഇടയാകും.

**കാലാവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾ മൂലം ഭക്ഷ്യ-ജന്യവും ജല-ജന്യവുമായ അസുഖങ്ങൾ ഉണ്ടാകുകയും അത് ഈ സംസ്ഥാനത്തിലുള്ള ജനങ്ങളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു.**



### പ്രാർത്ഥനയ്ക്കായി

- പ്രകൃതി ദുരന്തങ്ങളിൽ നിന്നും മാരക രോഗങ്ങളിൽ നിന്നും ദൈവം ഈ ജനത്തെ സംരക്ഷിക്കേണ്ടതിനായി...
- ഇവിടെയുള്ള സുവിശേഷ വേലക്കാരുടെ ആരോഗ്യ സംരക്ഷണത്തിനായി...
- ജനങ്ങളുടെ ക്ഷേമത്തിനായുള്ള ആശയങ്ങളും പ്രവർത്തനങ്ങളും സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകുവാൻ...

**ഇ.ജെ.പി.** (കടപ്പാട്: എൻ.എൽ.സി.ഐ.)

---

വർത്തമാനം

# മുന്നറിയിപ്പുകളെ അവഗണിക്കരുത്...

**ആത്മരക്ഷ നേടേണ്ടത് ഈ ലോകജീവിതത്തിലാണ്. മരിച്ചശേഷം ജീവിച്ചിരിക്കുന്ന ബന്ധുക്കൾ എന്തെല്ലാം സത്ക്കർമ്മങ്ങൾ മരിച്ചവർക്കു വേണ്ടി ചെയ്താലും അവർക്ക് ആത്മരക്ഷ നൽകാൻ കഴികയില്ല.**




യോഹന്നാൻ ഏബ്രഹാം

**വാ**ഹനം ഓടിക്കുന്നവരുടെ മുന്നറിയിപ്പിനായി അനേകം അടയാളം ലേഖനം ചെയ്ത ബോർഡുകൾ പൊതുനിരത്തുകളിൽ ഇരുവശത്തും കാണാവുന്നതാണ്. അപകടം ഒഴിവാക്കി വേറെ വഴി പോവുക, വളവും കയറ്റവുമാണ് സൂക്ഷിക്കുക, റോഡ് വീതികുറഞ്ഞതും ഇറക്കവുമാണ്. ഈ വിധത്തിലുള്ള മുന്നറിയിപ്പുകളെ അവഗണിച്ച് വാഹനം ഓടിച്ചാൽ അപകടം എപ്പോൾ വേണമെങ്കിലും സംഭവിക്കാവുന്നതാണ്.

1912 ഏപ്രിൽ പത്താം തീയതി ന്യൂയോർക്ക് തുറമുഖത്തിന് അത്ര അകലമല്ലാത്ത അറ്റ്ലാന്റിക് സമുദ്രത്തിൽ താണുപോയ കൂറ്റൻ കപ്പലായിരുന്നു ടൈറ്റാനിക്. അത്ര സുരക്ഷയോടും വലുപ്പത്തിലുമുള്ള ഒരു കപ്പൽ വേറെ അതുവരെ നിർമ്മിച്ചിരുന്നില്ല. അതിന്റെ കപ്പിത്താനും ഉടമയ്ക്കും യാതൊന്നിനും തകർക്കാൻ കഴിയാത്ത കപ്പലിനേക്കുറിച്ച് അമിത ആത്മവിശ്വാസവും അഭിമാനവുമുണ്ടായിരുന്നു. ഒരു മഞ്ഞുമല ഒഴുകി വരുന്നു എന്ന മുന്നറിയിപ്പ് വേറൊരു കപ്പലിലിൽ നിന്നും കപ്പിത്താന് ലഭിച്ചു. വഴി മാറ്റി അപകടത്തിൽ നിന്നും രക്ഷപ്പെടാൻ ആവശ്യമായ സമയം ലഭിച്ചിരുന്നു. അഹങ്കാരിയായ കപ്പിത്താൻ തെല്ലും കൂസലില്ലാതെ എന്റെ കപ്പലിനെ തകർക്കാൻ ഒരു മഞ്ഞുമലയ്ക്കും സാധ്യമല്ല എന്ന് പറഞ്ഞ് വഴി മാറിയില്ല. പെട്ടെന്ന് മഞ്ഞുമലയുടെ ഒരു വശം കപ്പലിൽ മുട്ടി പൊളിഞ്ഞ കപ്പലിന്റെ ഉള്ളിലേക്ക് വെള്ളം കയറാൻ തുടങ്ങി. രണ്ടായിരം യാത്രക്കാരും ഇരുനൂറ് ജീവനക്കാരും ആണ് അതിൽ യാത്ര ചെയ്തിരുന്നത്. അതിൽ ഏകദേശം എഴുനൂറു പേരെ രക്ഷിക്കാൻ മാത്രമേ കഴിഞ്ഞിരുന്നുള്ളൂ. ബാക്കി ആയിരത്തിഅഞ്ഞൂറു പേരും സമുദ്രത്തിലേക്കു മുങ്ങിത്താഴുകയാണ് ചെയ്തത്. അപകട മുന്നറിയിപ്പിനെ അവഗണിച്ചതിന്റെ അനന്തരഫലം!

ലോകരക്ഷകനായി മന്നിൽ മനുഷ്യനായി അവതരിച്ച ദൈവപുത്രൻ അനവധി മുന്നറിയിപ്പുകൾ നൽകിയിട്ടുണ്ട്. ഒരു മനുഷ്യൻ സകല ലോകവും നേടിയിട്ടും തന്നെത്താൻ നഷ്ടമാക്കിക്കളഞ്ഞാൽ ചേതം വരുത്തുകയോ ചെയ്താൽ അവന്ന് എന്തു പ്രയോജനം (ലൂക്കോ. 9:25). ഈ ലോകവും അതിന്റെ മോഹവും ഒഴിഞ്ഞു പോകുന്നതാണ്. അവ ശാശ്വതമല്ല. ശാശ്വതമായിരിക്കുന്നത് മനുഷ്യന്റെ ആത്മാവാണ്. അതിന്റെ വില ഈ പ്രപഞ്ചത്തേക്കാൾ അധികമാണ്. ഈ വസ്തുത വെളിപ്പെടുത്തുവാനാണ് ലാസറിന്റെയും ധനവാന്റെയും കഥ കർത്താവ് പറഞ്ഞത്. ധൂമ്രവസ്ത്രവും പട്ടും ധരിച്ച് വളരെ ആഡംബരത്തോടുകൂടി ജീവിച്ചിരുന്ന ധനവാൻ മരിച്ചു. അവന്റെ ആത്മാവ് നിത്യമായ യാതനാസ്ഥലത്തേക്കാണ് പോയത്. അവിടെ നിന്നൊരു മോചനം അസാധ്യമായിരുന്നു. എന്നാൽ ലോകത്തിൽ ദരിദ്രനായിരുന്നു എങ്കിലും ദൈവത്തിൽ ആശ്രയിച്ചിരുന്ന ലാസർ മരിച്ചു. അവന്റെ ആത്മാവ് അബ്രഹാമിന്റെ മടിയിലാണ് എത്തിയത്. അബ്രഹാം പിതാവിന്റെ മടി പറുദീസയ്ക്ക് പര്യായമായി യഹൂദന്മാർ പറഞ്ഞിരുന്നു. ലാസർ ദരിദ്രനായിരുന്നെങ്കിലും സ്വർഗ്ഗത്തിലെ നിത്യ സുഖത്തിലേക്ക് പോയി. ആത്മരക്ഷ നേടേണ്ടത് ഈ ലോകജീവിതത്തിലാണ്. മരിച്ചശേഷം ജീവിച്ചിരിക്കുന്ന ബന്ധുക്കൾ എന്തെല്ലാം സത്ക്കർമ്മങ്ങൾ മരിച്ചവർക്കു വേണ്ടി ചെയ്താലും അവർക്ക് ആത്മരക്ഷ നൽകാൻ കഴികയില്ല. ഇപ്പോൾ രക്ഷാദിവസം ഇപ്പോൾ സുപ്രസാദകാലം. ഈ കൃപായുഗത്തിൽ യേശുക്രിസ്തുവിലെ വിശ്വാസത്താൽ ഏവർക്കും സൗജന്യമായി ആത്മരക്ഷ പ്രാപിപ്പാൻ കഴിയുന്നതാണ്. ഒരുവൻ ക്രിസ്തുവിലായാൽ പുതിയ സൃഷ്ടിയാണ്. ഒരു പുതു ആത്മീയ മനുഷ്യനായി ജീവിക്കുവാൻ ആരംഭിക്കുന്നു.

➢➢



വന്ന വഴികൾ – 49

# ഗുജറാത്തിലേക്ക് സുവിശേഷവുമായി...

**മൂന്നു വർഷമായി മഴ കിട്ടാതെ അതിരൂക്ഷമായ വരൾച്ചയുടെ നടുവിലാണ് ഗുജറാത്തിലെ പ്രവർത്തനം നടന്നത്. മനുഷ്യന്റെ പാപമാണ് ഭൂമിയിൽ പെയ്യാതവണ്ണം മഴയെ തടഞ്ഞു നിർത്തുന്നത് എന്ന് പരസ്യയോഗത്തിൽ പ്രസംഗിച്ചപ്പോൾ കേൾവിക്കാർ തലയാട്ടി അംഗീകരിക്കുകയാണ് ചെയ്തത്.**

ഇ.ജെ. പൈലി, അങ്കമാലി

**കേ**രളത്തിലേക്കു വന്നശേഷം വൈ.എം.ഇ.എഫ്. നോടു ചേർന്നായിരുന്നു എന്റെ പ്രവർത്തനം മുഴുവനും. 1980–84 കാലയളവിൽ വൈ.എം.ഇ.എഫ്. ജനറൽ സെക്രട്ടറിയായി പ്രവർത്തിപ്പാനും ഇടയായി. 1982–ൽ ആലുവായിൽ വെച്ചു നടന്ന ജനറൽ ക്യാമ്പിന്റെ ചുമതല ഉണ്ടായിരുന്നു. അധികം സുവിശേഷ പ്രവർത്തനങ്ങൾ നടക്കാത്ത ആലുവാ പട്ടണത്തിലെ ജനങ്ങളെ സുവിശേഷം കേൾപ്പിക്കുന്നതിന് റെയിൽവേ സ്റ്റേഷന്റെ എതിർവശത്തുള്ള ഗവ. ബോയ്സ് സ്കൂളിൽ വച്ചു 31–8–1982 മുതൽ 5–9–82 വരെ നടന്ന ഈ ക്യാമ്പിലൂടെ ഇടയായി. ദൈവത്തിനു സ്തോത്രം. 1984 മെയ് 8 മുതൽ 13 വരെ കോഴിക്കോട്ടു നടന്ന ജനറൽ ക്യാമ്പിന്റെ ചുമതലയും എനിക്കായിരുന്നു. ക്യാമ്പ് അനുഗ്രഹകരമായി നടന്നു. ഈ ക്യാമ്പിൽ വച്ച് പുതിയ പ്രസിഡന്റിനെയും ജനറൽ സെക്രട്ടറിയെയും തെരെഞ്ഞെടുത്തു.

അഞ്ചാമത്തെ ഉത്തരഭാരത കാമ്പയിൻ 1987–88 –ൽ ഗുജറാത്ത് സംസ്ഥാനത്തു നടത്തുവാനാണ് വൈ.എം.ഇ.എഫ്. (N.D.) തീരുമാനിച്ചത്. അതിന്റെ ക്രമീകരണങ്ങൾക്കുവേണ്ടി സഹോദരൻ റ്റി.വി. സൈമണും ഞാനും കൂടെ 8–12–86ൽ പുറപ്പെട്ടു. 11–12–86 ൽ അഹമ്മദ്ബാദിൽ വച്ച് ഗുജറാത്തിലുള്ള സുവിശേഷകന്മാരുടെയും മറ്റു ചുമതലപ്പെട്ട സഹോദരന്മാരുടെയും ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി. 1987–88 കാലയളവിൽ 19 മാസങ്ങൾ കൊണ്ട് ഗുജറാത്തിലെ 19 ജില്ലകളിലും പ്രവർത്തിക്കുന്നതിനുള്ള പ്രോഗ്രാം സുവിശേഷകന്മാരുമായി ആലോചിച്ചു തയ്യാറാക്കി ഞങ്ങൾ നാട്ടിലേക്കു മടങ്ങി.

ഗുജറാത്തിൽ പ്രവർത്തിക്കുന്നതിനുള്ള ആദ്യത്തെ ടീമിനെ 1987 ഫെബ്രുവരി 18 ന് തൃശ്ശൂരിൽ നിന്നും യാത്ര അയച്ചു. ഒന്നര മാസത്തെ അവധിയെടുത്ത് ഈ എഴുത്തുകാരൻ ഗുജറാത്തിലെ പ്രവർത്തനത്തിനായി 7–1–88–ൽ രാജ്ക്കോട്ടിൽ ചെന്നു ചേർന്നു. മൂന്നു വർഷമായി മഴ കിട്ടാതെ അതിരൂക്ഷമായ വരൾച്ചയുടെ നടുവിലാണ് ഗുജറാത്തിലെ പ്രവർത്തനം നടന്നത്. മനുഷ്യന്റെ പാപമാണ് ഭൂമിയിൽ പെയ്യാതവണ്ണം മഴയെ തടഞ്ഞു നിർത്തുന്നത് എന്ന് പരസ്യയോഗത്തിൽ പ്രസംഗിച്ചപ്പോൾ കേൾവിക്കാർ തലയാട്ടി അംഗീകരിക്കുകയാണ് ചെയ്തത്. രൂക്ഷമായ ക്ഷാമത്തിൽ ചത്തുപോയ നിരവധി മൃഗങ്ങളുടെ അസ്ഥികൾ വലിയ കുഴിയിൽ കൂട്ടിയിട്ടിരിക്കുന്നനതു കണ്ടു. കാള പശു മുതലായവയെ ചൂടിൽ നിന്നും സംരക്ഷിക്കുവാൻ പല സ്ഥലങ്ങളിലും വലിയ പന്തലുകളും ഉണ്ടാക്കിയിരിക്കുന്നതു കാണാമായിരുന്നു. ഗുജറാത്തിൽ നിന്നുമുള്ള സഹോദരന്മാരുൾപ്പെടെ ചില ദിവസങ്ങളിൽ 10 പേർ വരെ ടീമിൽ ചേർന്നു പ്രവർത്തിച്ചു. ഗുജറാത്തിൽ അന്ന് സുവിശേഷകന്മാർ കുറവായിരുന്നെങ്കിലും അവരെല്ലാവരും ഈ പ്രവർത്തനത്തിൽ സഹകരിച്ചു. സഭകളിലെ മറ്റു സഹോദരന്മാരുടെ സഹകരണവും ഉണ്ടായിരുന്നു.

ഗുജറാത്തിലെ പ്രവർത്തനത്തിൽ പല പ്രത്യേകതകൾ കണ്ടു: പരസ്യയോഗത്തിനുള്ള കേൾവിക്കാരിൽ പലരും ഗാന്ധിതൊപ്പി ധരിച്ചവരായിരുന്നു! ഗ്രാമങ്ങളിൽ സമ്മിശ്രമായ പ്രതികരണമായിരുന്നു ലഭിച്ചത്. ക്ഷാമകാലമായതുകൊണ്ട് ഗ്രാമീണരെ സഹായിക്കുന്നതിന് ഗവൺമെന്റ് കുളം കുഴിക്കുക, റോഡ് വെട്ടുക മുതലായ പല ജോലികളും ചെയ്യിച്ച് കൂലി കൊടുക്കുന്നുണ്ടായിരുന്നു. റാവത്ത് എന്നാണ് അതിനു പേർ പറഞ്ഞിരുന്നത്. നാനൂറോളം സ്ത്രീ പുരുഷന്മാർ ഒരുമിച്ചു ജോലിയിൽ ഏർപ്പെടുകയായിരുന്നു. അവരുടെ അടുക്കൽ വാഹനം കൊണ്ടു നിർത്തി സൂപ്പർവൈസർമാരുടെ അനവാദം വാങ്ങിയശേഷം സുവിശേഷം അറിയിക്കുവാൻ സാധിച്ചു. ഇത് സുവർണ്ണാവസരം തന്നെയായിരുന്നു.

പട്ടേൽമാർ പൊതുവെ സുവിശേഷത്തോട് താല്പര്യം കാണിച്ചു. ഗാന്ധിജിയുടെ ജന്മസ്ഥലമായ രാജ്ക്കോട്ട് ടൗണിൽ രണ്ടു പരസ്യയോഗങ്ങൾ നടത്തി. പട്ടണത്തിലെ ധനികരായ വിദ്യാഭ്യാസമുള്ളവർ താല്പര്യം കാണിച്ചില്ലെങ്കിലും വിദ്യാവിഹീനരായ സ്ത്രീകൾ പുസ്തകം വാങ്ങുവാൻ താല്പര്യം കാണിച്ചു. സക്ക്പാർ എന്ന ഗ്രാമത്തിൽ ചായകുടിക്കണമെന്നു പറഞ്ഞപ്പോൾ വേണ്ടെന്നു പറഞ്ഞു. ഞങ്ങൾ കൊണ്ടുപോയിരുന്ന ഭക്ഷണം സ്കൂളിൽ ഇരുന്നു കഴിക്കുവാൻ പറഞ്ഞു. കുട്ടികളോട് ഞങ്ങൾക്ക് തൈര് കൊണ്ടുവന്നു കൊടുക്കുവാൻ ഹെഡ്മാസ്റ്റർ ആവശ്യപ്പെട്ടപ്പോൾ ഓരോരുത്തരായി ധാരാളം തൈര് കൊണ്ടുവന്നു തന്നു. 78 കുട്ടികൾ പഠിക്കുന്ന ആ സ്കൂളിൽ ഹെഡ്മാസ്റ്റർക്കു പുറമേ ഒരു ടീച്ചർ മാത്രമേ ഉണ്ടായിരുന്നുള്ളു. ഗുജറാത്തി ഭാഷയിലെ പുതിയ നിയമം നമ്മുടെ മലയാളം ബൈബിളിനോളം വലിപ്പമുള്ളതാണ്. അത് ധാരാളം ചെലവായി.

അന്ന് ടീമിൽ നാട്ടിൽ നിന്നും വന്ന് പ്രവർത്തിച്ച സഹോദരന്മാരായ ഡേവിഡ് പി. ഐസക് രാജ്ക്കോട്ടും സൈമൺ പയ്യന്നൂർ ഗാന്ധിധാമിലും ഇപ്പോഴും പൂർണ്ണസമയം പ്രവർത്തിച്ചു



കൊണ്ടിരിക്കുന്നു എന്നത് സന്തോഷത്തോടെ ഓർക്കുന്നു. രാജ്ക്കോട്ടിൽ 100 വർഷം പഴക്കമുള്ള സി.എൻ.ഐ. പള്ളിയുടെ വശത്തുള്ള ഒരു മുറിയിലാണ് ഞങ്ങൾ താമസിച്ചത്. അവിടെ ബൈബിൾ സൊസൈറ്റി സ്റ്റോക്കു

**രാജ്ക്കോട്ടിൽ 100 വർഷം പഴക്കമുള്ള സി.എൻ.ഐ. പള്ളിയുടെ വശത്തുള്ള ഒരു മുറിയിലാണ് ഞങ്ങൾ താമസിച്ചത്. അവിടെ ബൈബിൾ സൊസൈറ്റി സ്റ്റോക്കു ചെയ്തിരിക്കുന്ന ധാരാളം പുസ്തകങ്ങൾ പൊടിപിടിച്ചു കിടക്കുന്നുണ്ടായിരുന്നു.**

ചെയ്തിരിക്കുന്ന ധാരാളം പുസ്തകങ്ങൾ പൊടിപിടിച്ചു കിടക്കുന്നുണ്ടായിരുന്നു. ധാരാളം ബൈബിളും, പുതിയനിയമങ്ങളും സുവിശേഷ പ്രതികളും ഗുജറാത്തിലുടനീളം വിതരണം ചെയ്യാനിടയായി. ഏറ്റവും കൂടുതൽ പുസ്തകങ്ങൾ വിതരണം ചെയ്തതിനുള്ള ബൈബിൾ സൊസൈറ്റിയുടെ അവാർഡ് 1987–ൽ വൈ.എം.ഇ.എഫ്. ന് ലഭിച്ചു എന്നതും പ്രസ്താവ്യമാണ്. ചില ഗ്രാമങ്ങളിൽ ശക്തിയായ എതിർപ്പുണ്ടായി എന്നും പറയേണ്ടിയിരിക്കുന്നു. ഗുജറാത്തിൽ വിതക്കപ്പെട്ട വിത്തുകൾ ഫലം കായ്ക്കേണ്ടതിന് പ്രാർത്ഥിക്കാം. 10–2–88–ൽ എബി വർഗീസുമൊരുമിച്ച് നാട്ടിലേക്ക് മടങ്ങി. ●

---

## ▶ 1 സൗന്ദര്യം – സത്യവും മിഥ്യയും

ലൂടെ പോകുമ്പോഴല്ലെ ജോബ് പറഞ്ഞത്. പക്ഷെ നാം അനുഭവിക്കുന്ന കഷ്ടതകളെ നോക്കി “ക്രിസ്തുവിന്റെ കഷ്ടതകളിൽ കുറവായുള്ളത് എന്റെ ജഡത്തിൽ സഭയായ അവന്റെ ശരീരത്തിനു വേണ്ടി പൂരിപ്പിക്കുന്നു” എന്നു പറയാനുള്ള ആർജ്ജവം നമുക്കുണ്ടായിരിക്കണം എന്നു സാരം. കാണുന്നതാകകൊണ്ട് അവനോട് സദൃശന്മാർ ആകും” ആ സാദൃശ്യം, ആ സ്വരൂപം. പണ്ട് ഏതൊരു സാദൃശ്യത്തിൽ സ്വരൂപത്തിൽ ദൈവം മനുഷ്യനെ സൃഷ്ടിച്ചുവോ ആ സ്വരൂപത്തിലേക്കും സാദൃശ്യത്തിലേക്കും നാം തിരികെയെത്തും. തേജസ്സിന്മേൽ തേജസ്സു പ്രാപിച്ച് ക്രിസ്തുവിനോടു

**കുഴിച്ചെടുത്ത കളിമണ്ണ് കുശവൻ കല്ലും വേരും നീക്കി ചവിട്ടിക്കുഴച്ച് ചക്രത്തിൽ വെച്ച് കറക്കി രൂപം വരുത്തി അടിച്ച് പതം വരുത്തി ചൂളയിൽ വെച്ച് പുറത്തെടുക്കുമ്പോൾ ചെളിമണവും സ്വാഭാവിക നിറവും മാറി മനോഹരമായ പാത്രമായി രൂപപ്പെടുന്നതുപോലെ തന്റെ മക്കളെ പ്രപഞ്ചശില്പിയായ പിതാവ് പരുവപ്പെടുത്തിയെടുക്കുന്നു.**

അങ്ങനെ സഭയ്ക്കുവേണ്ടി ക്രിസ്തു അനുഭവിച്ച നൂറുശതമാനം കഷ്ടതയിലേക്ക് അല്പമെങ്കിലും പൂരിപ്പിക്കുവാൻ നമുക്കാകട്ടെ.

“അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കുംപോലെ തന്നെ കൂടെ അവന്റെ സ്വരൂപത്തിൽ, സാദൃശ്യത്തിൽ!

ആ സൗന്ദര്യം ഭൂമിയിലെ ഏറ്റം വിദഗ്ധനായ ഒരു ബ്യൂട്ടീഷനും നമ്മിൽ പകരാൻ കഴികയില്ല!! ●

---

➢➢ ധനവാനായ മൂഢന്റെ കഥ ലൂക്കോസിന്റെ സുവിശേഷത്തിൽ തന്നെ കാണാവുന്നതാണ്. തനിക്ക് ലഭിച്ച വിളവിന്റെ അളവിൽ അഹങ്കരിച്ച ധനവാൻ കളപ്പുരകൾ പൊളിച്ച് വലുതായി പണിതു. അവൻ ആത്മഗതമായി പറഞ്ഞത്, ധാന്യം എല്ലാം ഈ പുതിയ കളപ്പുരയിൽ കൂട്ടിവയ്ക്കും എനിക്ക് ഏറിയ ആണ്ടുകൾക്ക് മതിയായ അനവധി വസ്തുവകകൾ സംഭരിച്ചു വച്ചിരിക്കുന്നു ആശ്വസിക്കുക, തിന്നുക, കുടിക്കുക, ആനന്ദിക്കുക. ഈ ആത്മഗതം പറഞ്ഞ ധനവാനോട് ദൈവം ചോദിക്കുന്നു, മൂഢാ ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോടു ചോദിക്കും; പിന്നെ നീ ഒരുക്കിവെച്ചത് ആർക്കാകും (ലൂക്കോ. 12:17–21).

**മരണം മനുഷ്യന്റെ അവസാനമല്ല. ദൈവം നൽകിയ മനുഷ്യന്റെ ആത്മാവ് ഒരിക്കലും നശിക്കയില്ല. യേശുക്രിസ്തുവിൽ വിശ്വസിച്ച് ജീവരക്ഷ പ്രാപിക്കാത്ത ഏവരും നിത്യശിക്ഷാവിധിയിൽ ആയിരിക്കും.**

മരണം നിശ്ചയമാണ് സമയം ആർക്കും നിശ്ചയമില്ല. യേശുവിന്റെ മുന്നറിയിപ്പ് സ്നേഹിതരേ നിങ്ങളോടാണെന്ന് കരുതുക. കഴിഞ്ഞ രണ്ടായിരത്തിൽപ്പരം വർഷം ദൈവം ഈ മുന്നറിയിപ്പ് ലോകത്തെ അറിയിച്ചുകൊണ്ടിരിക്കുകയാണ് – അവഗണിക്കരുത്. ദൈവം നമുക്കായി ഒരുക്കിയ രക്ഷ ദൈവം മനുഷ്യനായി അവതരിച്ച യേശുക്രിസ്തുവിലാണ്. മക്കൾ (മനുഷ്യർ) ജഡരക്തങ്ങളോടു കൂടിയവരാകയാൽ താനും അവരെപ്പോലെ ജഡത്തിൽ വെളിപ്പെട്ടത് എന്തിനായിട്ടാണ്. ജീവപര്യന്തം മരണഭീതിയിൽ അടിമകളായിരുന്ന പാപികളായ നമ്മെ രക്ഷിപ്പാൻ. കാൽവറിക്രൂശിൽ നമ്മുടെ പാപത്തിന്റെ ശിക്ഷയായ മരണം വരിച്ചു. നമ്മുടെ നീതീകരണത്തിനായി മൂന്നാം നാൾ മരണത്തെ പരാജയപ്പെടുത്തി പുനരുത്ഥാനം ചെയ്തു. യേശുക്രിസ്തു ജീവനും പുനരുത്ഥാനവുമാണ്. അവനിൽ വിശ്വസിക്കുന്നവർ മരിച്ചാലും ജീവിക്കും. ജീവിച്ചിരിക്കുന്നവർ മരണം കാണുകയുമില്ല. മറ്റൊരുത്തനിലും രക്ഷയില്ല നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവുമില്ല. യേശുക്രിസ്തു എന്ന ഏകരക്ഷിതാവിൽ കൂടി മാത്രമേ ആത്മരക്ഷ പ്രാപിപ്പാൻ കഴിയൂ. അവനിൽ വിശ്വസിച്ചാശ്രയിക്കുന്നവർ മരിച്ചാലും ജീവിക്കും. ഞാൻ തന്നെ വഴിയും സത്യവും ജീവനും എന്ന് ലോകത്തിൽ ആരും അവകാശപ്പെട്ടിട്ടില്ല. ജീവനെ കൊടുക്കുവാനും അതിനെ തിരികെ പ്രാപിപ്പാനും എനിക്കല്ലാതെ മറ്റാർക്കും കഴിയില്ല.

പാപത്തിന്റെ ശമ്പളമായ നിത്യമരണത്തിൽ നിന്നും ആർ നിന്നെ വിടുവിക്കും. മരണം മനുഷ്യന്റെ അവസാനമല്ല. ദൈവം നൽകിയ മനുഷ്യന്റെ ആത്മാവ് ഒരിക്കലും നശിക്കയില്ല. യേശുക്രിസ്തുവിൽ വിശ്വസിച്ച് ജീവരക്ഷ പ്രാപിക്കാത്ത ഏവരും നിത്യശിക്ഷാവിധിയിൽ ആയിരിക്കും. അവരെ അതിൽ നിന്നും വിടുവിപ്പാൻ മനുഷ്യർ ചെയ്യുന്ന സത്ക്കർമ്മങ്ങൾക്ക് സാധിക്കയില്ല. അതിനാൽ ജീവിച്ചിരിക്കുമ്പോൾ പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോധവാന്മാരായി രക്ഷിതാവും കർത്താവുമായ യേശുക്രിസ്തുവിൽ വിശ്വസിച്ച് ആത്മരക്ഷ നേടുവാൻ അനുഭവത്തിന്റെ വെളിച്ചത്തിൽ ബുദ്ധി ഉപദേശിക്കുകയാണ്. ഇന്നു നിന്റെ ആത്മാവിനെ എടുത്താൽ പിന്നെ രക്ഷ പ്രാപിപ്പാൻ മാർഗ്ഗമില്ല എന്നറിഞ്ഞ് അജ്ഞാനിയാകാതെ ജ്ഞാനിയായിരിപ്പാൻ ഏവർക്കും ദൈവം കൃപ ചെയ്യട്ടെ. ധന്യനായ ദൈവത്തിന്റെ തിരുനാമം ഇന്നും എന്നേക്കും മഹത്വപ്പെടുമാറാകട്ടെ. ●



email : suviseshadhwani2011@gmail.com

നുറുങ്ങ്

# ആർക്കും വേണ്ടാത്തത്...

**പി. വി. സന്തോഷ്, വയനാട്**

**പ**ച്ചക്കറി വാങ്ങി വീട്ടിൽ എത്തിയപ്പോഴാണ് അയാൾ അത് ശ്രദ്ധിച്ചത്. ബാക്കി തന്ന രൂപയിൽ ഒരു പത്തിന്റെ നോട്ട് ഒട്ടിച്ചതും, കീറിയതും മുഷിഞ്ഞതും ആയിരുന്നു. പിന്നീടുള്ള ദിവസങ്ങളിൽ അതു മാറുവാൻ അയാൾ പല പല കടകളിൽ കയറി. ചെറിയ ചെറിയ സാധനങ്ങൾ വാങ്ങി ഈ നോട്ട് കൊടുക്കുമ്പോൾ ആർക്കും വേണ്ട.

ഇത് മാറുവാൻ പണിയുണ്ട്. മനസ്സിൽ ലഡു പൊട്ടി! ഞായറാഴ്ച സ്തോത്രകാഴ്ച ഇടാം. അയാൾക്ക് സമാധാനമായി.

വാലറ്റം: *''നിങ്ങൾ കണ്ണുപൊട്ടിയതിനെ യാഗം കഴിപ്പാൻ കൊണ്ടുവന്നാൽ അതു ദോഷമല്ല, നിങ്ങൾ മുടന്തും ദീനവുമുള്ളതിനെ അർപ്പിച്ചാൽ അതും ദോഷമല്ല. അതിനെ നിന്റെ ദേശാധിപതിക്ക് കാഴ്ച വയ്ക്കുക, അവൻ പ്രസാദിക്കുമോ, നിന്നോടു കൃപ തോന്നുമോ എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു" (മലാഖി 1:8).*

# സ്തോത്രത്തിനും പ്രാർത്ഥനയ്ക്കും


**തൃശ്ശൂർ:** തൃശ്ശൂർ ഗോസ്പൽ ടീമിന്റെ പ്രവർത്തനങ്ങൾ ദൈവകൃപയാൽ അനുഗ്രഹകരമായി നടന്നു വരുന്നു. 2016 മെയ് 9 മുതൽ 15 വരെ കേരളത്തിലും തമിഴ്നാട്ടിലുമായി കഞ്ഞിക്കുഴി (ഇടുക്കി), കുമളി, തേനി സ്ഥലം സഭകളുടെ സഹകരണത്തിലായിരുന്നു വേല ചെയ്തത്. ചിലർ രക്ഷിക്കപ്പെടുന്നതിന് ഇടയായി. അവർ വേർപെട്ടു വരേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷകന്മാരായ കെ.എം. വർഗീസ്, വി.കെ. വില്യംസ്, എം. ആർ. ഷൈജു, പി.കെ. ജോയ്, സന്തോഷ് ലൂക്കോസ്, ടോണി, റോയി എന്നിവരും മറ്റു ചില സഹോദരന്മാരും പങ്കെടുത്തു. ദൈവഹിതമായാൽ അടുത്ത പ്രവർത്തനം കോട്ടയം, വയനാട് ജില്ലകളിൽ നടക്കുന്നതാണ്.

*ടിമ്മി ആഡംസ്*

**കൊട്ടാരക്കര:** കൊട്ടാരക്കരയും ചുറ്റുപാടുമുള്ള 70-ൽ പരം ബ്രദറൺ സഭകളുടെ ആത്മിക കൂട്ടായ്മയായ ബ്രദറൺ സ്പിരിച്ച്വൽ ആന്റ് ചാരിറ്റബിൾ അസ്സോസിയേഷൻ കഴിഞ്ഞ 6 വർഷമായി അനേക ചാരിറ്റി പ്രവർത്തനങ്ങളും ആത്മിക പ്രവർത്തനങ്ങളും നടത്തുവാൻ വലിയവനായ ദൈവം ഇടയാക്കി. 2016 മെയ് 22 ന് കൊട്ടാരക്കര ബ്രദറൺ ഗോസ്പൽ ഹാളിൽ കൂടിയ ജനറൽ ബോഡി മീറ്റിംഗിൽ 75 ഓളം സഭാ പ്രതിനിധികൾ പങ്കെടുത്തു. ജനറൽ ബോഡിയിൽ നിന്നും 21 അംഗ ഗവേണിംഗ് കൗൺസിൽ. അതിൽ നിന്നും ചുമതലപ്പെട്ടവരെയും തിരഞ്ഞെടുത്തു. പ്രസിഡന്റ്: എ.ഓ. തോമസ്, വൈസ് പ്രസിഡന്റുമാർ: പ്രൊഫ. മാത്യൂസ് ഏബ്രഹാം, പി.പി. മാത്യു, സെക്രട്ടറി: വി.കെ. മാത്യു, ജോ. സെക്രട്ടറി: പ്രൊഫ. എം.എം. ജേക്കബ്. പുതിയ ഭാരവാഹികളെയും അടുത്ത വർഷത്തെ പ്രവർത്തനങ്ങളെയും പ്രാർത്ഥനയിൽ ഓർക്കണമേ.

*വി.കെ. മാത്യു (സെക്രട്ടറി)*

# മഹത്വത്തിൽ



**പത്തനംതിട്ട:** പത്തനംതിട്ട ബ്രദറൺ അസംബ്ലി അംഗമായ വെട്ടിപ്രം ഉഴത്തിൽ എബനേസറിൽ (ഐപ്പുണ്ണിൽ) **സി.എ. സാമുവൽ (75)** ജൂൺ 11-ന് കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. സുവിശേഷാലയത്തിന്റെയും ബ്രദറൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും സജീവ പ്രവർത്തകനായിരുന്നു. ചിലവർഷങ്ങളായി രക്താർബുദത്തിന് ചികിത്സയിലായിരുന്നു. ഭൗതിക ശരീരം സുവിശേഷാലയത്തിലെ ശുശ്രൂഷകൾക്കു ശേഷം ജൂൺ 12-ന് പത്തനംതിട്ട ബ്രദറൺ അസംബ്ലി സെമിത്തേരിയിൽ സംസ്കരിച്ചു. വേർപാടിന്റെ ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളെയും ബന്ധുമിത്രാദികളെയും പ്രാർത്ഥനയിൽ കരുതുക.



**രാജകുമാരി:** രാജകുമരി നോർത്ത് ബ്രദറൺ അസംബ്ലി അംഗമായ പുളിക്കൽ **ജോമോൻ മാത്യൂ (40)** ജൂൺ 2-ന് താൻ പ്രത്യാശ വച്ചിരുന്ന കർത്തൃസവിധത്തിലേക്കു ചേർക്കപ്പെട്ടു. ഭൗതികശരീരം ജൂൺ 5-ന് രാജകുമാരി ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു. വിയോഗ ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളെയും ബന്ധുമിത്രാദികളെയും പ്രാർത്ഥനയിൽ ഓർക്കുക.

**കോട്ടയം:** ളാക്കാട്ടൂർ തോട്ടപ്പള്ളിൽ **ജയ (46)** ജൂൺ 3-ന് കർത്താവിൽ നിദ്രപ്രാപിച്ചു. ജൂൺ 6-ന് ളാക്കാട്ടൂർ ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**അടൂർ:** പരുത്തിപ്പാറ ചക്കാംപറമ്പിൽ **സി. എ. സാമുവേൽ(86)** ജൂൺ 8-ന് മഹത്വതീരത്തേക്കു ചേർക്കപ്പെട്ടു. പരുത്തിപ്പാറ ബ്രദറൺ അസംബ്ലിയുടെ ചുമതലയിൽ ജൂൺ 11-ന് സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളെ ഓർത്തു പ്രാർത്ഥിക്കുക.



**പുനലൂർ:** കുറ്റിക്കോണം ബ്രദറൺ സഭാംഗമായ മുണ്ടനിൽക്കുന്നതിൽ കുഴുവേലിൽ പരേതനായ എം.എം. ചാക്കോയുടെ പത്നി **ഗ്രേസി ചാക്കോ (ലില്ലി-83)** ജൂൺ 5-ന് കർത്തൃസവിധത്തിലേക്ക് ചേർക്കപ്പെട്ടു. ജൂൺ 11-ന് സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**കോഴഞ്ചേരി:** പുന്നയ്ക്കാട് തേക്കുംകാട്ടിൽ പുത്തൻവീട്ടിൽ സഹോദരൻ ടി.എം. തോമസിന്റെ സഹധർമ്മിണി **ലിസി തോമസ് (56)** മെയ് 27-ന് പ്രത്യാശാ തീരത്തേക്കു ചേർന്നു. ഭൗതികശരീരം മെയ് 31-ന് ചെങ്ങന്നൂർ അങ്ങാടിക്കൽ ബ്രദറൺ സഭാ സെമിത്തേരിയിൽ സംസ്കരിച്ചു. വിയോഗ ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളെയും ബന്ധുമിത്രാദികളെയും പ്രാർത്ഥനയിൽ ഓർക്കുക.

# ബൈബിൾ ക്വിസ് -106

(സങ്കീർത്തനങ്ങൾ)

1. ആരുടെ നാവിൻ കീഴിലാണ് ദോഷവും അതിക്രമവും നിറഞ്ഞിരിക്കുന്നത്?
2. "മരണപാശങ്ങൾ എന്നെ ചുറ്റി; അഗാധപ്രവാഹങ്ങൾ എന്നെ ഭ്രമിപ്പിച്ചു" എന്നു പറഞ്ഞതാർ?
3. വളരെ വേദനകൾ ഉള്ളതാർക്ക്?
4. "മനുഷ്യനൊക്കെയും വെറും നിഴലായി നടക്കുന്നു" എന്നു പറഞ്ഞതാർ?
5. എങ്ങനെയുള്ളവരാണ് വരണ്ട ദേശത്തു പാർക്കുന്നത്?
6. "യഹോവേ രാവിലെ എന്റെ പ്രാർത്ഥന കേൾക്കേണമേ" എന്നു പ്രാർത്ഥിച്ചതാര്?
7. "ദൈവം ദേവസഭയിൽ നില്ക്കുന്നു; അവൻ ദേവന്മാരുടെ ഇടയിൽ ന്യായം വിധിക്കുന്നു" എന്നു പറഞ്ഞതാര്?
8. സങ്കീർത്തനം അനുസരിച്ച് ആരോടൊക്കെയാണ് യഹോവ മേഘസ്തംഭത്തിൽ നിന്ന് സംസാരിച്ചത്?
9. ആരുടെ ആശയാണ് നശിച്ചു പോകുന്നത്?
10. തന്റെ പ്രാർത്ഥന തിരുസന്നിധിയിൽ ധൂപമാകട്ടെ എന്നു പറഞ്ഞതാര്?


*ബൈബിൾ റഫറൻസ് സഹിതം ഉത്തരങ്ങൾ P.P.George, Post Box No. 91, Angamali 683 572 എന്ന വിലാസത്തിൽ അയയ്ക്കുക.ചോദ്യങ്ങൾ പ്രസിദ്ധീകരിച്ച തീയതികഴിഞ്ഞ് 20 ദിവസത്തിനകം ഉത്തരങ്ങൾ ലഭിച്ചിരിക്കണം. ഉത്തരങ്ങൾ അയയ്ക്കുന്നവർ ക്വിസ് നമ്പരും തങ്ങളുടെ പൂർണ്ണ മേൽവിലാസവും ഫോൺ നമ്പരും കത്തിൽ രേഖപ്പെടുത്തണം.*

**ബൈബിൾ ക്വിസ് 103 – ശരിയുത്തരങ്ങൾ**

1. പാതാളത്തിലേക്ക് (9:17) 2. ദാവീദ് (16:2) 3. ദാവീദ് (30:11) 4. ദുഷ്ടൻ (37:21) 5. (56) 6. (3) 7. അഹങ്കാരികൾ (73:6) 8. യഹോവയുടെ ആലയത്തിൽ നടുതലയായവർ (92:13) 9. കൃപ തോന്നി (112:5) 10. ദാവീദ് (144:4)

**ക്വിസ് 99 – ശരിയുത്തരം അയച്ചവർ**

Mariyamma Thomas Kunnanthanam, Sheena Santhosh Thriperumthura, Ditty Sunny Thrissur, Philomol K. Varghese South Chittoor, Spurjan K.J. Trivandrum, P.V. Elizebeth Peroorkada, Annamma Chacko Ranni, Mary George Ranny, Tony Varghese Pathanamthitta, K. Prabhakaran Thiruvananthapuram, C.M. Daniel Thrissur, Saramma Thomas Kottayam, Jaison Thomas Kottarakara, Rachel Manesh Wadakkancherry, Suseela J. Thiruvananthapuram, Grace John Mathew Mylapra




**സീ**യോൻ പുത്രിയേ ഉണരുക ഉണരുക
നീതി സൂര്യനുദിച്ചിടാറായ് - ഉണരുക
വീഥിയിലൊക്കെയും വിലാപഗീതങ്ങൾ
കർണ്ണങ്ങൾ പൊട്ടുമാറുച്ചത്തിൽ രോദനം.

പെരുകുന്നു 'കയീനും ശേബെമും' ഉലകിതിൽ
ലാളിച്ച കൈകളും വെട്ടിമാറ്റീടുന്നു
വാത്സല്യമില്ലാത്ത തലമുറ ജനിക്കുന്നു
വാർദ്ധക്യം ഇന്നിതാ ശാപമായി തീരുന്നു.

രാപ്പകൽ കണ്ണുനീർ തോരാതെ പ്രാർത്ഥിപ്പാൻ
കാലമടുത്തിതാ ഉണരുക ഉണരുക
കന്മഷമില്ലാത്ത മനസ്സുമായി നാഥന്റെ
കാൽപ്പാതെ ഓലോല കണ്ണീർ പൊഴിക്കുക

അപ്പവുമില്ലാ വെള്ളവുമില്ലാത്ത
വീഥിയിൽ ചെന്നു നീ കൈ മലർത്തുക
ജീവന്റെ വചനമാം പാൽ ചുരത്തീടുക
അധരങ്ങൾ ഘോഷിക്ക നാഥന്റെ രക്ഷയെ.

ഉണരുക ഉണരുക സീയോൻ പുത്രിയേ
കാലമായി കാന്തൻ ആഗതനാകുവാൻ
പൊന്നൊളി വീശുന്ന ഉഷസടുത്തിടുന്നു
പൊൻ പ്രഭ കാണുവാൻ ഉണർന്നെഴുന്നേല്ക്കുക.

## ഏകദിന സുവിശേഷ പ്രവർത്തനം

**ഓതറ:** എസ്.പി.എസ്. ഫണ്ടിനോടു ചേർന്ന് പ്രവർത്തിക്കുന്ന 26 സുവിശേഷകന്മാരും സഹോദരന്മാരും ചേർന്ന് കിഴക്കൻ ഓതറ ബ്രദറൺ സഭ കേന്ദ്രീകരിച്ച് ഒരു ഏകദിന സുവിശേഷ പ്രവർത്തനം 2016 മെയ് 24-ാം തീയതി നടന്നു. 54 വീടുകൾ സന്ദർശിച്ച് സുവിശേഷം അറിയിച്ചു. 8 പേർ രക്ഷിക്കപ്പെടുവാൻ ഇടയായി. ഉച്ച കഴിഞ്ഞ് ജംഗ്ഷനിൽ പരസ്യയോഗവും നടന്നു. ഈ പ്രവർത്തനങ്ങളെ തുടർന്നും പ്രാർത്ഥനയിൽ ഓർത്താലും.

*എം.കെ. കുഞ്ഞുമോൻ (സെക്രട്ടറി)*

## പ്രതിമാസ പ്രാർത്ഥനായോഗം

**പത്തനംതിട്ട:** പത്തനംതിട്ടയിലും ചുറ്റുപാടിലുമുള്ള സ്ഥലം സഭകളുടെ ഏകോപിച്ചുള്ള ഈ മാസത്തെ പ്രാർത്ഥനായോഗം നന്നുവക്കാട് ബ്രദറൺ സഭാഹാളിൽ 26-ാം തീയതി ശനിയാഴ്ച നടക്കുന്നു. പ്രസ്തുത യോഗത്തിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുകയും വന്ന് സംബന്ധിക്കുകയും ചെയ്യുക.

*എ.എം. തോമസ് മൈലപ്രാ, റ്റി.ജി. മാത്യൂ കോന്നി*

## ദൈവജനത്തിന്റെ പ്രാർത്ഥനയ്ക്ക്

**തൃശ്ശൂർ:** കഴിഞ്ഞ 60-ഓളം വർഷമായി മധ്യ കേരളത്തിലുള്ള സഭകളുടെ സഹകരണത്തിൽ നടന്നു വരുന്ന ശുശ്രൂഷയാണ് മാസവേല - മാസയോഗം പ്രവർത്തനങ്ങൾ. ഓരോ മാസവും ബുധൻ മുതൽ വെള്ളി വരെ ദിവസങ്ങളിൽ ഭവനസന്ദർശനം, ബൈബിൾ ക്ലാസ്, പരസ്യയോഗങ്ങൾ, രാത്രി യോഗങ്ങൾ എന്നിവ കൂടാതെ ശനിയാഴ്ച മാസയോഗവും നടന്നു വരുന്നു. വിവിധ സഭകളിൽ നിന്ന് സുവിശേഷകന്മാരും സുവിശേഷതല്പരരായ സഹോദരന്മാരും ഓരോ മാസവും പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നു.

പത്തു വർഷത്തിലധികം പഴക്കമുള്ള ഡീസൽ വാഹനങ്ങൾ പട്ടണ പ്രദേശങ്ങളിൽ നിരോധിക്കുന്ന പുതിയ വാഹന നിയമം നിലവിൽ വരുന്നതിനാലും ഇപ്പോൾ ഉപയോഗിക്കുന്ന വാഹനം 13 വർഷം പഴക്കം ഉള്ളത് ആയതുകൊണ്ടും മാസവേല- മാസയോഗം പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് ഒരു പുതിയ വാഹനം ഇപ്പോൾ ആവശ്യമായിരിക്കുന്നു. ദൈവജനം പ്രാർത്ഥിക്കുക.

*എ.എം. പ്രസാദ്, മുള്ളരിങ്ങാട് (09495050007),*
*കെ.സി. സൈമൺ തേശ്ശേരി (09447647099)*

## കർണ്ണാടകയിൽ ഷാപ്പൂർ സഭയ്ക്ക് ആരാധനാലയം

**പത്തനംതിട്ട:** സുവിശേഷീകരണം ലക്ഷ്യമാക്കി 1941-ൽ രൂപം കൊണ്ട വൈ.എം.ഇ.എഫ്. കേരളത്തിലും ഇതര സംസ്ഥാനങ്ങളിലും പ്രവർത്തിച്ചു വരികയായിരുന്നു. എന്നാൽ ഡിവിഷനുകൾ രൂപം കൊണ്ടതിനുശേഷം ദക്ഷിണ ഭാരത സുവിശേഷീകരണം എന്ന മഹാദൗത്യം വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷൻ ഏറ്റെടുത്ത് 1999-ൽ കർണ്ണാടകയിൽ പ്രവർത്തനം ആരംഭിച്ചു. അതിനു മുമ്പ് കേരളത്തിലെ വിവിധ ജില്ലകളിൽ പ്രവർത്തിച്ചു. ഇന്നും കേരളത്തിലെ വിവിധ ശുശ്രൂഷകൾ അഭംഗുരം തുടരുവാൻ കർത്താവ് കൃപ ചെയ്യുന്നു. കർണ്ണാടകയിലെ പ്രവർത്തനത്തെ കർത്താവ് മാനിക്കുകയും 17-ഓളം സ്ഥലം സഭകൾ രൂപം കൊള്ളുവാൻ സഭാകാന്തൻ അനുവദിക്കുകയും ചെയ്തു. കർണ്ണാടകയിലെ പ്രവർത്തനം കൂടുതൽ ഫലവത്തായിത്തീരുവാൻ കാരണമായിത്തീർന്നത് അവിടെയുള്ള സ്ഥലം സഭകളുടെയും കർത്തൃദാസന്മാരുടെയും നിരന്തരമായ പ്രാർത്ഥനയും അത്യധ്വാനവും മൂലമാണ്.

ഇപ്രകാരം യാദ്ഗിരി ജില്ലയിൽ 2006 ജൂലൈ 27 -ന് രൂപം കൊണ്ടതാണ് ഷാപ്പൂർ സ്ഥലം സഭ. അവിടെ ചുമതല വഹിച്ചുകൊണ്ടിരിക്കുന്നത് ദീർഘനാളുകൾ വൈ.എം.ഇ.എഫ്. ടീമിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന തെക്കൻ കർണ്ണാടകയിലെ നാഗവള്ളി സ്ഥലം സഭയിൽ നിന്നുള്ള സുവിശേഷകൻ **ഗർശോം (ഗുരുസ്വാമി)** ആണ്.

2014-ൽ അവിടെ ഒരു സഭാഹാൾ പണിയുന്നതിന് ആവശ്യമായ സ്ഥലം സ്റ്റിവാർഡ് അസോസിയേഷന്റെ പേരിൽ വാങ്ങിക്കുവാൻ കർത്താവ് കൃപചെയ്തു. ആ സ്ഥലത്ത് ഒരു സഭാഹാൾ പണിയുന്നതിന് 10 ലക്ഷം രൂപ ആവശ്യമാണ്. ദൈവമക്കൾ പ്രാർത്ഥിക്കുകയും സാമ്പത്തിക കൂട്ടായ്മ നൽകി സഹകരിക്കുകയും ചെയ്യണമെന്ന് കർത്തൃനാമത്തിൽ അഭ്യർത്ഥിക്കുന്നു.

ചെക്കുകളും ഡ്രാഫ്റ്റുകളും YMEF S/D Accountൽ മാറത്തക്കവണ്ണം അയയ്ക്കുമല്ലോ. YMEF S/D Account No. 0165-01308247-190001, IFSC- CSBK0000165, Catholic Syrian Bank, Pathanamthitta Branch.

*പണം അയയ്ക്കുന്നവർ 'ഷാപ്പൂർ സഭാഹാളിന്' എന്നു പ്രത്യേകം കാണിച്ചിരിക്കണം.*

വിലാസം: **George Samuel,** Treasuer, Muttathu House, Omalloor P.O., Pathanamthitta- 689 647 Kerala Mob: 9497489320, 9048183080

***ജോയികുമാർ (സെക്രട്ടറി)***

## സ്നാനശുശ്രൂഷ

**മലമ്പുഴ (പാലക്കാട്):** മലമ്പുഴ സഭയും കർത്തൃവേലകളും സന്തോഷകരമായി തുടരുന്നു. മെയ് 1 ന് നാലുപേരുടെ സ്നാനശുശ്രൂഷയുണ്ടായിരുന്നു. കർത്തൃദാസൻ പോൾ മാത്യു (ചേറുംകുളം, മണ്ണാർകാട്) സ്നാനശുശ്രൂഷ നിർവ്വഹിച്ചു. മലമ്പുഴ സഭയെയും പ്രവർത്തനങ്ങളെയും തുടർന്നും പ്രാർത്ഥനയിൽ ഓർക്കുക.

*സിജി.പോൾ, ജോസഫ് കോട്ടപ്പുറം,*
*കെ. ജോൺ വർഗീസ്*

## ഏകദിനസമ്മേളനം

**പൊൻകുന്നം:** നമ്മുടെ മധ്യേ പ്രവർത്തിച്ചു വരുന്ന ബൈബിൾ സാഹിത്യ പ്രവർത്തക സമിതിയുടെ അടുത്ത ഏകദിന സമ്മേളനം 2016 ജൂൺ 17-ാം തീയതി വെള്ളിയാഴ്ച 9.30 മുതൽ 1.30 വരെ പൊൻകുന്നം ബ്രദറൺ സഭാഹാളിൽ വച്ചു നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഈ സമ്മേളനത്തിൽ സഹോദരൻ ഐസക് മണ്ണൂർ യു.എസ്.എ. മുഖ്യാതിഥി ആയിരിക്കും. എം.ഇ.സി. ഗാനങ്ങളിലെ ദൈവശാസ്ത്രം എന്ന വിഷയത്തെ അടിസ്ഥാനാക്കി ബ്രദർ ജെ.സി. ദേവ് പ്രബന്ധം അവതരിപ്പിക്കുന്നു. ഈ വിശേഷാൽ യോഗത്തിൽ പങ്കെടുക്കുവാൻ എല്ലാ സഹോദരന്മാരെയും പ്രത്യേകാൽ ബി.എസ്.പി.എസ്. അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിച്ചുകൊള്ളുന്നു.

*എം.വി.ബാബു (സെക്രട്ടറി)*

## എസ്.ബി.എസ്. ജനറൽ പ്രയർ

**വെണ്ണിക്കുളം :** സുവിശേഷകൻ ബാലസംഘം ജനറലിന്റെ ചുമതലയിൽ നടന്നു വരുന്ന പ്രാർത്ഥനായോഗം ജൂലൈ 1 വെള്ളി 6.30 മുതൽ എസ്.ബി.എസ്. കോട്ടയം സെന്റർ സെക്രട്ടറി പാമ്പാടി- പാങ്ങട, വാക്കാതടത്തിൽ സഹോദരൻ ബിജുവിന്റെ ഭവനത്തിൽ നടക്കുന്നു.

*സി.എം. ചാക്കോ, പ്രയർ കോ-ഓർഡിനേറ്റർ (9061989773)*

ചിന്ത T.V.S.

## സമർപ്പിക്കാം ദൈവകരങ്ങളിൽ

**നാം** ഇന്നു കാണുന്ന ഈ തലമുറ വക്രതയും കോട്ടവുമുള്ളതും, സാത്താന്റെ കരങ്ങളിൽ വളരെ ഉപയോഗിക്കപ്പെടുന്നതും ആണ്. എന്നാൽ അതിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന അനേകരും ദൈവകരങ്ങളിൽ ഉപയോഗിക്കപ്പെടുന്നു എന്നുള്ളത് ആശ്വാസാവഹമാണ്. സാത്താന്റെ കരങ്ങളിൽ വീഴുന്നവർ അവസാനം എവിടേക്ക് പോകുന്നു എന്നോ എന്തൊക്കെ ചെയ്യുന്നു എന്നോ അറിയാതെ നിത്യ ദുഃഖത്തിന്റെ താഴ്വരയിൽ ചെന്ന് അവസാനിക്കുന്നു. എന്നാൽ ദൈവകരങ്ങളിൽ ഉപയോഗിക്കപ്പെട്ടവർ എന്നും പിൻതുടരാനുള്ള മാതൃക വെച്ചേച്ചു പോയവരാണ്. ഉദാഹരണമായി ഹാനോക്ക്, നോഹ, അബ്രഹാം, മോശെ മുതലായവർ. ദൈവകരങ്ങളിൽ ഉപയോഗിക്കപ്പെട്ട അനേകരെ ചരിത്രത്തിലും നമുക്ക് കാണാൻ കഴിയും.

ഒരിക്കൽ മിഷനറിയായ റോബർട്ട് മോഫെറ്റ്, സൗത്ത് ആഫ്രിക്കയിലെ ഒരു പോലീസ് സ്റ്റേഷന്റെ നോട്ടീസ് ബോർഡിൽ പരസ്യം ചെയ്ത ഒരു വാർത്ത വായിക്കുകയുണ്ടായി- അത് ഇങ്ങനെ ആയിരുന്നു, "ഈ വ്യക്തിയെ ജീവനോടു കൂടെയോ, അല്ലാതെയോ പിടിച്ചു കൊടുക്കുന്നവർക്ക് 500 പൗണ്ട് പ്രതിഫലമായി നൽകുന്നതാണ്." പരസ്യത്തിന് താഴെയായി ആഫ്രിക്കയിലെ ഒരു കിരാത മനുഷ്യന്റെ ചിത്രവും കൊടുത്തിരുന്നു. ഈ ബോർഡ് വായിച്ച മിഷനറിയായ റോബർട്ട് ഈ കിരാത മനുഷ്യനെ കണ്ടെത്തി അദ്ദേഹത്തെ നന്മയിലേക്ക് തിരിച്ചു കൊണ്ടുവരണമെന്ന് തന്റെ മനസ്സിൽ തീരുമാനിച്ചു. ഈ ഉദ്യമത്തിൽ തന്റെ ജീവൻ പോലും നഷ്ടമാകാൻ ഇടയുണ്ടെന്ന് അദ്ദേഹത്തെ ആത്മാർത്ഥമായി സ്നേഹിക്കുന്ന ചിലർ മുന്നറിയിപ്പു നൽകി. എന്നാൽ അതൊന്നും വക വയ്ക്കാതെ മിഷനറി ആ കിരാത മനുഷ്യനെ തേടി യാത്രയായി. യാത്രയാകുന്നതിനു മുന്നെ തന്റെ സ്നേഹിതന്മാരോട് ഇപ്രകാരം പറഞ്ഞു, "നിങ്ങൾ എന്നെ കുറിച്ച് ഓർത്ത് ഭയപ്പെടേണ്ട ദൈവത്തിന്റെ നോട്ടവും,

**നമ്മുടെ മിഷനറി ആരോഗ്യവാനായി കേപ് ടൗൺ പോലീസ് സ്റ്റേഷനിൽ എത്തിച്ചേരുന്നു. അദ്ദേഹത്തോടൊപ്പം നിരായുധനായ ഉയരം കൂടിയ ഒരു മനുഷ്യൻ അത് മറ്റാരുമല്ല, പോലീസ് 500 പൗണ്ട് വിലയിട്ടിരുന്ന ആ കിരാത മനുഷ്യൻ തന്നെ.**

സംരക്ഷണവും, ദൈവകരങ്ങൾ അനുകൂലമായും എനിക്കുണ്ട്- ആ മനുഷ്യനെ പിടിക്കുവാൻ ആവശ്യമായ എല്ലാ ആയുധങ്ങളും എന്റെ പക്കലുണ്ട്." തന്റെ ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് ഏകനായി ആയുധങ്ങൾ ഇല്ലാതെ പ്രാർത്ഥനയോടെ അദ്ദേഹം ഉൾവനത്തിലേക്ക് യാത്രയായി.

മാസങ്ങൾ ചിലത് കഴിഞ്ഞു വനത്തിനുള്ളിലേക്കു പോയ മിഷനറിയെക്കുറിച്ച് യാതൊരു വിവരവുമില്ല. തന്റെ സ്നേഹിതന്മാർ അദ്ദേഹം കൊല്ലപ്പട്ടതായി സ്ഥിരീകരിച്ചു. എന്നാൽ ഇതാ ഒരു സുപ്രഭാതം പൊട്ടി വിടരുന്നു. നമ്മുടെ മിഷനറി ആരോഗ്യവാനായി കേപ് ടൗൺ പോലീസ് സ്റ്റേഷനിൽ എത്തിച്ചേരുന്നു. അദ്ദേഹത്തോടൊപ്പം നിരായുധനായ ഉയരം കൂടിയ ഒരു മനുഷ്യൻ അത് മറ്റാരുമല്ല, പോലീസ് 500 പൗണ്ട് വിലയിട്ടിരുന്ന ആ കിരാത മനുഷ്യൻ തന്നെ. അവൻ യേശുക്രിസ്തുവിന്റെ സ്നേഹത്താൽ രൂപാന്തരപ്പെട്ടിരിക്കുന്നു. പുതിയ സൃഷ്ടിയായിത്തീർന്നിരിക്കുന്നു. അയാളെ വിട്ടയക്കണമെന്നും 500 പൗണ്ട് ആ മനുഷ്യനു തന്നെ കൊടുക്കണമെന്നും റോബർട്ട് ആവശ്യപ്പെട്ടതനുസരിച്ച് ആ മനുഷ്യന് കൊടുക്കുകയും ചെയ്തു.

യേശുക്രിസ്തുവിന്റെ സ്നേഹം മിഷനറിയെ നിർബ്ബന്ധിച്ചു- കാണാതായ ആ മനുഷ്യനെ കണ്ടുകിട്ടുന്നതുവരെയും ജീവൻ ബലി അർപ്പിച്ചുകൊണ്ട് അന്വേഷിച്ചു ചെന്നു. കണ്ടെത്തി പുതിയ മനുഷ്യനാക്കി. പിന്നീട് ആ കിരാത മനുഷ്യൻ അനേക ജീവിതങ്ങളെ ക്രിസ്തുവിനുവേണ്ടി നേടുവാൻ ദൈവകരങ്ങളിൽ സ്വയം സമർപ്പിച്ചു. ഇന്നും അനേകരും ദൈവം നമ്മെ വീണ്ടെടുത്തത് എന്തിനാണെന്ന് അറിയാത്തവരാണ്! സമർപ്പിക്കാം ദൈവകരങ്ങളിൽ... ഉപയോഗിക്കട്ടെ രക്ഷകനായ ക്രിസ്തു... നേടാം ആത്മാക്കളെ...! ●

**SUVISESHADHWANI**
Fortnightly
Vol. 38 Issue 23
Annual Subscription
India Rs. 200/-
USA/Canada US$ 100
Envelope Postage
Rs. 2500/-

Chief Editor:
**Saju P. Stephen**
Padinjattil Puthenpurayil,
Kakkoor P.O., Koothattukulam
Pin-686662, Mob:9747486981
sajupstephen@gmail.com

**Please send news and articles to:**
Associate Editor
**Samuel Thomas**
Choonattu House
Cheppad P.O.,
Alappuzha Dist.,
Kerala - 690 507
Mob : 9495162788
samjichoonattu@gmail.com

**Send your drafts & money order to :**
Managing Editor
**Samson Samuel**
Sam's Cottage,Palace Square
Chottanikara P.O.,
Ernakulam - 682 312
Mob: 9605001818
samgen701@gmail.com

Circulation Manager:
**A.D. James**
Angamaly-683572
Mob: 9446814115
Please send DD/Cheque drawn in favour of :
Suvisesha Dhwani

E-mail :
suviseshadhwani2011@gmail.com

**REGISTERED**
***Reg. No. RN 29475/1978***
**Postal Reg. No. KL / ALY / 0076 / 2015-17**
**Licence No. KL/CR/ALU/WPP-08/2015-17**
**Licensed to Post Without Prepayment.**
**Date of Publishing : 18/ 06 / 2016**

***If not delivered, please return to :***
**Managing Editor,**
**SUVISESHADHWANI,**
Sam's Cottage, Palace Square
Chottanikara P.O.,
Ernakulam - 682 312.

Printed & Published by Saju P. Stephen on behalf of General Y.M.E.F. & Printed at Speck Offset Press, Eroor, Ekm. & Published at Padinjattil Puthenpurayil, Kakkoor, Ekm. Dist. Editor : Saju P. Stephen. Design: D'Club, Kallissery.